കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൽപ്പകഞ്ചേരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.10/2632/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി: 01-12-2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൽപ്പകഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

- സംബന്ധിച്ച്

*****************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്.

എം.എ.12/18

നം. കെ.എസ്.എ.എം.പി.എം.10/2632/2018 തിയ്യതി:01-12-2018

## മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.08.2017 മുതൽ 21.10.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 09 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 22.10.2018 മുതൽ 01.11.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സുരേഷ് പി | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീമതി സെൽമത്ത് ടി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.റിഷിൽ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫാസിൽ ടി.ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.എൻ മൊയ്തീൻകുട്ടി | 01.04.2017 മുതൽ 31.03.2018വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി പ്രീതി കെ.എം<br>(ഇൻ ചാർജ്ജ്) | 01.04.2017 മുതൽ 07.04.2017 വരെ |
| ശ്രീമതി മഞ്ജു ജി<br>(ഇൻ ചാർജ്ജ്) | 08.04.2017 മുതൽ 23.04.2017 വരെ |
| ശ്രീമതി ഗീതമ്മ എ.കെ<br>(ഇൻ ചാർജ്ജ്) | 24.04.2017 മുതൽ 02.05.2017വരെ |
| ശ്രീമതി അന്നമ്മ സ്റ്റീഫൻ | 03.05.2017 മുതൽ 15.06.2017 വരെ |
| ശ്രീമതി പ്രീതി.കെ.എം.(ഇൻചാർജ്ജ്) | 16.06.2017 മുതൽ 17.06.2017 വരെ |
| ശ്രീ. സുധീഷ് ബാബു<br>(ഇൻ ചാർജ്ജ്) | 17.06.2017AN മുതൽ 21.06.2017 വരെ |

| | |
|---|---|
| ശ്രീമതി മേരി ഗ്രേസ് കെ (ഇൻ ചാർജ്ജ്) | 22.06.2017 മുതൽ 12.07.2017 വരെ |
| ശ്രീ. കെ. ആർ പ്രസാദ് | 13.07.2017 മുതൽ 16.11.2017 വരെ |
| ശ്രീമതി മേരി ഗ്രേസ് കെ (ഇൻ ചാർജ്ജ്) | 17.11.2017 മുതൽ 22.11.2017 വരെ |
| ശ്രീ. ജേക്കബ് വർഗ്ഗീസ് | 23.11.2017 മുതൽ 31.12.2017 വരെ |
| ശ്രീമതി മേരി ഗ്രേസ് കെ (ഇൻ ചാർജ്ജ്) | 01.01.2018 മുതൽ 14.01.2018 വരെ |
| ശ്രീ.ജേക്കബ് വർഗ്ഗീസ് | 15.01.2018 മുതൽ 18.01.2018 വരെ |
| ശ്രീമതി മേരി ഗ്രേസ് കെ (ഇൻ ചാർജ്ജ്) | 19.01.2018 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി പ്രീതി കെ.എം | 01.04.2017 മുതൽ 07.04.2017FN വരെ |
| | ശ്രീമതി മഞ്ജു ജി | 07.04.2017AN മുതൽ 27.04.2017 വരെ |
| | ശ്രീമതി പ്രീതി കെ.എം | 28.04.2017 മുതൽ 17.06.2017FN വരെ |
| | ശ്രീ. സുധീഷ് ബാബു | 17.06.2017AN മുതൽ 22.06.2017FN വരെ |
| | ശ്രീമതി മേരി ഗ്രേസ് കെ | 22.06.2017AN മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനിയർ | ശ്രീമതി നന്ദിത | 01.04.2017 മുതൽ 05.04.2017വരെ |
| | ശ്രീമതി നമിത ടി.ജി | 06.04.2017 മുതൽ 05.07.2017 വരെ |
| | ശ്രീമതി ഷീലാ കുമാരി | 06.07.2017 മുതൽ 21.10.2017 വരെ |
| | ശ്രീമതി നന്ദിത | 22.10.2017 മുതൽ 27.03.2018 വരെ |
| | ശ്രീമതി ഗായത്രി ബി | 28.03.2018 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി അംബിക ടി | 01.04.2017 മുതൽ 29.12.2017 വരെ |
| | ശ്രീ ഷബീർ എം.പി | 30.12.2017 മുതൽ 06.02.2018 വരെ |
| | ശ്രീ.ജോസഫ് സേവിയർ | 07.02.2018 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.രമേഷ് കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. അനു ജി | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ബീന പാറോൽ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ഗോപിനാഥൻ പി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ബബിത മുഹമ്മദ് (പി.എച്ച്.സി) | 01.04.2017 മുതൽ 31.03.2018വരെ |
| | ഡോ.നൗഫൽ പി (ആയുർവേദം) | 01.04.2017മുതൽ 31.03.2018 വരെ |
| | ഡോ.ബിന്ദു (ഹോമിയോ) | 01.04.2017മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | വസ്തു നികുതി കുറവായി നിർണ്ണയിക്കുന്നത് മൂലം തനത് ഫണ്ട് സമാഹരിക്കുന്നതിൽ വീഴ്ച ഉണ്ടാവുന്നു. | 2-1 |
| 14 | വസ്തു നികുതി നിർണ്ണയത്തിലെ അപാകത | 2-2 |
| 15 | അടിസ്ഥാന നികുതി നിരക്കുകൾ പരിഗണിക്കാതെ കെട്ടിട നമ്പർ അനുവദിച്ചു; വസ്തു നികുതി ഇനത്തിൽ വൻതുക കുറവ് സംഭവിച്ചു | 2-3 |
| 16 | അനധികൃത നിർമ്മാണം-വസ്തു നികുതി ഇനത്തിൽ 22,542 രൂപ വാർഷിക നഷ്ടം | 2-4 |
| 17 | ഡി ആന്റ് ഒ ലൈസൻസ് പിരിച്ചെടുക്കുന്നതിലെ അപാകതകൾ | 2-5 |
| 18 | തൊഴിൽനികുതി പിരിവിലെ അനാസ്ഥമൂലം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ വരവ് നഷ്ടം സംഭവിക്കുന്നു | 2-6 |
| 19 | നികുതി പിരിവ് 100% കൈവരിച്ചില്ല | 2-7 |
| 20 | സേവനം നല്കുന്നതിൽ നിശ്ചിത സമയപരിധി പാലിക്കുന്നില്ല | 2-8 |
| 21 | ഇ – ടെണ്ടർ - ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. | 2-9 |
| 22 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല | 2-10 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |

| | | |
|---|---|---|
| 23 | ശമ്പളപരിഷ്കരണം-പെൻഷൻ അംശദാനം അടവാക്കേണ്ടതാണ്. | 3-1 |
| 24 | പരിരക്ഷ – മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-2 |
| 25 | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ – മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല | 3-3 |
| 26 | എച്ച്.എം.സി വരവ് ചെലവ് കണക്കുകൾ യഥാസമയം ഓഡിറ്റിന് സമർപ്പിക്കുന്നില്ല | 3-4 |
| 27 | ഡിസ്കോപടി കുടിവെള്ള പദ്ധതി – ജി.ഐ പൈപ്പ് ഇട്ടതിന് അധികനിരക്ക് നല്കി-നഷ്ടം4553/-രൂപ | 3-5 |
| 28 | പത്രാസ്സ് പടി കുടിവെള്ള പദ്ധതി വിപുലീകരണം -അധികം നൽകിയത് 13038/-രൂപ | 3-6 |
| 29 | വരമ്പിങ്ങൽ ചാലിക്കുന്ന് മീമുള്ളിപ്പാറ പുനരുദ്ധാരണം അപാകത-അധികം നൽകിയത് 7033/-രൂപ | 3-7 |
| 30 | നെച്ചിക്കുണ്ട് അംഗനവാടി അറ്റകുറ്റപ്പണി -അപാകത | 3-8 |
| 31 | തോഴന്നൂർ ഈസ്റ്റ് കുന്നമ്മൽ റോഡ് ടാറിങ് -ഗുണനിലവാരം പരിശോധനാവിധേയമാക്കണം | 3-9 |
| 32 | പി.എച്ച്.സി സാനിറ്ററി യൂനിറ്റ് ഉപയോഗിക്കാതെ കിടക്കുന്നു | 3-10 |
| 33 | സിമന്റ് കോൺക്രീറ്റിംഗ് - സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു-നഷ്ടം 13359 രൂപ | 3-11 |
| 34 | ജി.എം.എൽ പി എസ് അയിരാണി ചുറ്റുമതിൽ നിർമ്മാണം – പെയ്മെന്റ് അനുവദിച്ചിട്ടില്ല | 3-12 |
| 35 | സ്റ്റാന്റിംങ് കമ്മിറ്റി, വർക്കിംങ് ഗ്രൂപ്പുകൾ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമല്ല | 3-13 |
| 36 | അനിവാര്യ പദ്ധതികൾ നടപ്പിലാക്കുന്നില്ല | 3-14 |
| 37 | വനിതാ വ്യവസായ കേന്ദ്രം ലക്ഷ്യം കണ്ടില്ല | 3-15 |
| | ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 41 | വായ്പ . വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 45 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് , ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ, തിയതി | ബജറ്റ് പുതുക്കിയ തീരുമാന നമ്പർ, തിയതി |
|---|---|
| 23.03.2017 (1)-ാം നമ്പർ തീരുമാനം | 24.02.2018 ലെ 1(1)നമ്പർ തീരുമാനം |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31.07.2018 | 26.05.2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ തിയതി |
|---|---|---|
| 2017-18 | 13.06.2018 മുതൽ 14.06.2018 വരെ | കെ.എസ്.എ എം.പി.എം10/1330/2018 തിയതി 03.08.2018 |

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക എന്നിവ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 2,43,92,131.14 |
| വരവ് | 6,40,09,431 |
| ആകെ | 8,84,01,562.14 |
| ചെലവ് | 7,75,83,709 |
| നീക്കിയിരിപ്പ് | 1,08,17,853.14 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | -- | 1,43,97,000 | 1,43,97,000 | 1,41,83,079 | 2,13,921 |
| വികസനഫണ്ട് എസ് സി പി | -- | 5,57,660 | 5,57,660 | 4,62,480 | 95,180 |
| വികസന ഫണ്ട് ടി.എസ്.പി | -- | 2,62,000 | 2,62,000 | -- | 2,62,000 |
| മെയിന്റനൻസ് റോഡ് | -- | 1,44,75,551 | 1,44,75,551 | 1,44,42,215 | 33,336 |
| മെയിന്റനൻസ് നോൺ റോഡ് | -- | 32,80,000 | 32,80,000 | 27,82,734 | 4,97,266 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | -- | 67,62,298 | 67,62,298 | 67,38,066 | 24232 |
| കെ.എൽ.എസ്.ജി.ഡി.പി | -- | 3,79,558 | 3,79,558 | 1,29,558 | 2,50,000 |
| എസ്.ബി.ടി ഇ-പേയ്മെന്റ് | ,151,246 | 5,94,786 | 7,46,032 | 2,31,030 | 5,15,002 |
| കൽപ്പകഞ്ചേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 84,40,459 | 89,93,313 | 1,74,33,772 | 92,02,164 | 82,31,608 |

| | | | | | |
|---|---|---|---|---|---|
| ട്രഷറി ടി.എസ്.ബി | | 1,53,91,501 | 1,13,70,000 | 2,67,61,501 | 2,58,12,133 | 9,49,368 |
| കനറാ ബാങ്ക്, സാനിറ്റേഷൻ | | 32,580 | 1,253 | 33,833 | -- | 33,833 |
| കനറാ ബാങ്ക് എം.ജി.എൻ.ആർ.ജി.എസ് | | 2,311.14 | 78,16,563 | 78,18,874.14 | 71,60,322 | 6,58,552.14 |
| എസ്.ബി.ടി എസ്.എസ്.എ | | 33,193 | 1,237 | 34,430 | -- | 34,430 |
| കൽപ്പകഞ്ചേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് കുടുംബശ്രീ | | 2,89,919 | 11,712 | 3,01,631 | -- | 3,01,631 |
| കൽപ്പകഞ്ചേരി കോ-ഓപ്പറ്റീവ് ബാങ്ക് സാക്ഷരത | | 8,706 | 352 | 9,058 | -- | 9,058 |
| ബി ഫണ്ട് | | -- | 3,57,90,100 | 3,57,90,100 | 3,57,90,100 | -- |
| ജോയിന്റ്വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 0 | 4,70,000 | 4,70,000 | 4,70,000 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 2,50,000 | 2,50,000 | 1,70,500 | 79,500 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്റ്റുകൾ (ശതമാനം) |
|---|---|---|---|---|---|---|
| 198 | 6,07,46,705 | 126 | 44,33,0517 | 34 | 38 | 64 |

## 1-7 തൊഴിലുറപ്പപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2,311.14 | 28,34,350 | 28,36,661.14 | 21,78,109 | 6,58,552.14 |
| ഗുണഭോക്താക്കൾക്ക് നേരിട്ട നല്കുന്നത് | -- | 49,82,213 | 49,82,213 | 49,82,213 | -- |
| ആകെ | 2,311.14 | 78,16,563 | 78,18,874.14 | 71,60,322 | 6,58,552.14 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിവരങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 3,000 | 05 |
| കർഷകതൊഴിലാളി പെൻഷൻ | 1,44,800 | 15 |
| വിധവാപെൻഷൻ | 1,08,29,600 | 908 |
| വാർദ്ധക്യകാലപെൻഷൻ | 2,05,63,800 | 1,613 |
| വികലാംഗപെൻഷൻ | 38,90,900 | 339 |
| വിവാഹധനസഹായം | 3,00,000 | 10 |
| 50 വയസിന് മുകളിലുള്ളവർക്കുള്ള ധനസഹായം | -- | -- |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

22.10.2018 ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 4,115/- രൂപയുടെ നീക്കിയിരിപ്പ് കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1- മെഡിക്കൽ ഓഫീസർ (അലോപതി), ( ആയുർവേദം) എന്നീ നിർവഹണ ഉദ്യോഗസ്ഥർ സബ്സിഡിയറി രജിസ്റ്റർ , പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

2- മെഡിക്കൽ ഓഫീസർ (അലോപതി) ഒരേ സമയം 2 ക്യാഷ് ബുക്ക് സൂക്ഷിക്കുന്നത് ക്രമ പ്രകാരമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.09.2018 | ആഗസ്റ്റ് 2018 | 13.09.2018 |
| എ.ജി ഓഡിറ്റ് | 20.11.2012, 14.12.2012 | 2007-08, 2011-12 | 16.02.2013 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംങ് രീതിയിലേക്ക് മാറുന്നതിന് മുൻപുള്ള എല്ലാ ആസ്തി ബാധ്യതകളുടെയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടുമില്ല.
2. 2011 ലെ കേരള പഞ്ചായത്ത് രാജ് എക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 65(എ), (ഇ) എന്നിവ പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംങ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കുകളോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.
3. 2016-17 ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ പൂർണ്ണമായും പരിഹരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി കുറവായി നിർണ്ണയിക്കുന്നത് മൂലം തനത് ഫണ്ട് സമാഹരിക്കുന്നതിൽ വീഴ്ച ഉണ്ടാവുന്നു.

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ഒന്നിലധികം കെട്ടിട നമ്പറുകൾ അനുവദിക്കുകയും വ്യക്തമായ യാതൊരു കാരണവും കൂടാതെ അപ്രകാരമുള്ള തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്യുന്നത്.

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4)) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്. എന്നാൽ ഇത് വ്യക്തമായ കാരണങ്ങളാൽ പ്രത്യേകമായ നമ്പറുകൾ നൽകിയ നിലവിലുള്ള കെട്ടിടങ്ങളുടെ കാര്യമാണ് എന്ന് വ്യക്തമാണ്. വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ, പ്രത്യേകം നമ്പറിന് വേണ്ടി കെട്ടിടയുടമ അപേക്ഷിക്കുക പോലും ചെയ്യാതെ ഗ്രാമപഞ്ചായത്ത് നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ടവിരുദ്ധമാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്.

ഉദാഹരണം താഴെ കൊടുക്കുന്നു.

പഞ്ചായത്തിലെ വാർഡ് നമ്പർ 12 (കടുങ്ങാത്തുകുണ്ട്) ൽ 776/A, 776/B എന്നീ കെട്ടിടങ്ങൾ ശ്രീമതി. റംല മച്ചിഞ്ചേരി, ചാത്തൻ ചിറക്കൽ, മേലങ്ങാടി എന്നവരുടെ പേരിൽ അനുവദിച്ചിട്ടുള്ള 2 കടമുറികളാണ്.

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

വാണിജ്യാവശ്യത്തിനുള്ളവ 100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ / ച.മീ.

വാണിജ്യാവശ്യത്തിനുള്ളവ 100ച.മീറ്ററിനു മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ : 50രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ തിരിച്ച ഷോപ്പ് റൂമുകളടങ്ങിയ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് സാമ്പത്തിക വർഷം നികുതി നിർണ്ണയിച്ചിരിക്കുന്നതും മേൽ നിരക്കുകൾ പ്രകാരമാണ്. എന്നാൽ 776/A, 776/B എന്നീ നമ്പറുകളുള്ള ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി നിരക്ക് 50/-രൂപ പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. ആയതിനാൽ നികുതി നിർണ്ണയിച്ചതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

അടിസ്ഥാന നികുതി നിരക്ക് 30/-രൂപ പ്രകാരം നികുതി നിർണ്ണയിച്ചതിന്റെ വിവരം

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | അടിസ്ഥാന നികുതി | വർദ്ധന. (20%) | ഇളവ് (5% ഒന്നാം നില) | നിർണ്ണയിച്ച നികുതി | ലൈബ്രറി കരം | ആകെ |
|---|---|---|---|---|---|---|---|
| 776/A | 66.28 m2 | 1988.4 | 397.6 | | 2387 | 120 | 2507 |
| 776/B | 66.36 m2 | 1990.8 | 398.16 | 121 | 2270 | 114 | 2384 |
| ആകെ | 132.64 m2 | 3979.2 | 795.76 | 121 | 4657 | 234 | 4891 |

ബാധകമായ അടിസ്ഥാന നികുതി നിരക്ക് 50/-രൂപ പ്രകാരം നിർണ്ണയിക്കേണ്ട നികുതി വിവരം.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | അടിസ്ഥാന നികുതി | വർദ്ധന. (20%) | ഇളവ് (5% ഒന്നാം നില) | നിർണ്ണയിച്ച നികുതി | ലൈബ്രറി കരം | ആകെ |
|---|---|---|---|---|---|---|---|
| 776/A | 66.28 m2 | 3314 | 662.8 | | 3977 | 199 | 4176 |
| 776/B | 66.36 m2 | 3318 | 663.6 | 165.9 | 3816 | 191 | 4007 |
| ആകെ | 132.64 m2 | 6632 | 1326.4 | 165.9 | 7792.5 | 390 | 8183 |

ബാധകമായ അടിസ്ഥാന നികുതി നിരക്ക് 50/-രൂപ പ്രകാരം നികുതി നിർണ്ണയിക്കാത്തതിനാൽ വസ്തു നികുതിയിൽ 3136 രൂപയുടെയും (7793- 4657) ലൈബ്രറി സെസ്സിൽ 156 രൂപയുടെയും (390 -234) കുറവ് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21/01.11.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.
വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ, പ്രത്യേകം നമ്പറിന് വേണ്ടി കെട്ടിടയുടമ അപേക്ഷിക്കുക പോലും ചെയ്യാതെ ചട്ടം നിലവിൽ വന്നതിന് ശേഷം മാത്രം നിർമ്മാണം പൂർത്തീകരിച്ച ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഏകപക്ഷീയമായി നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തിയതിനാൽ ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്. ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതാത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് കെട്ടിടനമ്പർ നൽകാവുന്നതാണ്. തനത് ഫണ്ട് സമാഹരിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 2-2 വസ്തു നികുതി നിർണ്ണയത്തിലെ അപാകത

പഞ്ചായത്തിലെ വാർഡ് നമ്പർ 6 (മഞ്ഞച്ചോല) ൽ 53/F, 53/G എന്നീ കെട്ടിടങ്ങൾ ശ്രീ. അബ്ദുൽ നാസർ , ഓടായപ്പുറത്ത് , തവളംചിന എന്നവരുടെ പേരിൽ വാണിജ്യാവശ്യത്തിന് അനുവദിച്ചിട്ടുള്ള 2 കെട്ടിടങ്ങളാണ്. കെട്ടിടങ്ങളിൽ നിലവിൽ സുപ്രീം ഏജൻസീസ് എന്ന ഫർണിച്ചർ ഷോപ്പ് പ്രവർത്തിക്കുന്നതിന് ലൈസൻസ്

നൽകിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

വാണിജ്യാവശ്യത്തിനുള്ളവ 100ച.മീറ്ററിനു മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ : 50രൂപ / ച.മീ.

വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ 70രൂപ / ച.മീ.

ഫയലിൽ മേൽ കെട്ടിടത്തിന് 70രൂപ / ച.മീ. നിരക്കിൽ ഈടാക്കാനുള്ള നിർദ്ദേശമാണുള്ളത്, എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ആയത് 50രൂപ / ച.മീ. നൽകിയതിനാൽ പഞ്ചായത്തിന് 21300 രൂപ വസ്തു നികുതി ഇനത്തിൽ വാർഷിക നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഈടാക്കിയ വസ്തു നികുതി 50രൂപ / ച.മീ. | ഈടാക്കേണ്ട വസ്തു നികുതി 70രൂപ / ച.മീ. |
|---|---|---|
| 6 / 53 F<br>455.91 M2 | അടിസ്ഥാന വസ്തു നികുതി : 22795.5<br>വർദ്ധനവ് 20% : 4559<br>ഇളവ് 10% : 2279<br>അടിസ്ഥാന വാർഷിക വസ്തു നികുതി<br>= 25076<br>ഗ്രന്ഥശാല വരി 5% = 1254 | അടിസ്ഥാന വസ്തു നികുതി : 31914<br>വർദ്ധനവ് 20% : 6383<br>ഇളവ് 10% : 3191<br>അടിസ്ഥാന വാർഷിക വസ്തു നികുതി<br>= 35106<br>ഗ്രന്ഥശാല വരി 5% = 1755 |
| | വാർഷിക വസ്തു നികുതിയിൽ 10030 രൂപയുടെയും (35106- 25076) ലൈബ്രറി സെസ്സിൽ 501 രൂപയുടെയും (1755 - 1254) കുറവ് വന്നിട്ടുണ്ട്. | |
| 6 / 53 G<br>512.27 M2 | അടിസ്ഥാന വസ്തു നികുതി : 25613.5<br>വർദ്ധനവ് 20% : 5122.7<br>ഇളവ് 10% : 2561.35<br>അടിസ്ഥാന വാർഷിക വസ്തു നികുതി<br>= 28175<br>ഗ്രന്ഥശാല വരി 5% = 1409 | അടിസ്ഥാന വസ്തു നികുതി : 35858.9<br>വർദ്ധനവ് 20% : 7171.78<br>ഇളവ് 10% : 3585.89<br>അടിസ്ഥാന വാർഷിക വസ്തു നികുതി<br>= 39,445<br>ഗ്രന്ഥശാല വരി 5% = 1973 |
| | വാർഷിക വസ്തു നികുതിയിൽ 11270 രൂപയുടെയും (39,445- 28175) ലൈബ്രറി സെസ്സിൽ 564 രൂപയുടെയും ( 1973 - 1409) കുറവ് വന്നിട്ടുണ്ട്. | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21/01.11.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർനിർണയിച്ച് ഡിമാന്റ് ക്രമീകരിക്കേണ്ടതാണ്.

## 2-3 അടിസ്ഥാന നികുതി നിരക്കുകൾ പരിഗണിക്കാതെ കെട്ടിട നമ്പർ അനുവദിച്ചു; വസ്തു നികുതി ഇനത്തിൽ വൻതുക കുറവ് സംഭവിച്ചു

സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം വാർഡ് നമ്പർ 3 (രണ്ടത്താണി) ൽ 105/H എന്ന കെട്ടിടം ശ്രീ. തെരുവത്ത് വീട്ടിൽ ഖാലിദ്, എന്നവരുടെ പേരിൽ 840 M2 തറവിസ്തീർണമുള്ളതാണ്. വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ചപ്പോൾ പഞ്ചായത്തിൽ ഭരണസമിതി അംഗീകരിച്ചിട്ടുള്ള നിരക്കിലല്ല നികുതി നിർണയിച്ചിട്ടുള്ളത്.

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

വാണിജ്യാവശ്യത്തിനുള്ളവ 100ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ / ച.മീ.

വാണിജ്യാവശ്യത്തിനുള്ളവ 100ച.മീറ്ററിനു മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ : 50 രൂപ / ച.മീ.

105/H എന്ന ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി നിരക്ക് 50/-രൂപ പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. ആയതിനാൽ നികുതി നിർണ്ണയിച്ചതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ/ നികുതി നിർണയിച്ച വർഷം | 840 M2 ന് ഈടാക്കിയ വസ്തു നികുതി @30രൂപ / ച.മീ. | ഈടാക്കേണ്ട വസ്തു നികുതി @50രൂപ / ച.മീ. |
|---|---|---|
| 105/H<br>2014-15 | അടിസ്ഥാന വസ്തു നികുതി : 25200<br>വർദ്ധനവ് വഴി - 20% : 5040<br>തറ നിർമിതി 15% : 3780<br>അടിസ്ഥാന വാർഷിക വസ്തു നികുതി<br>= 34020<br>ഗ്രന്ഥശാല വരി 5% = 1701 | അടിസ്ഥാന വസ്തു നികുതി : 42000<br>വർദ്ധനവ് വഴി - 20% : 8400<br>തറ നിർമിതി 15% : 6300<br>അടിസ്ഥാന വാർഷിക വസ്തു നികുതി<br>= 56700<br>ഗ്രന്ഥശാല വരി 5% = 2835 |
| | വാർഷിക വസ്തു നികുതിയിൽ 22680 രൂപയുടെയും (56700-25076) ലൈബ്രറി സെസ്സിൽ 1134 രൂപയുടെയും ( 2835 - 1701) കുറവ് വന്നിട്ടുണ്ട്. | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21/01.11.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർനിർണയിച്ച് ഡിമാന്റ് ക്രമീകരിക്കേണ്ടതാണ്.

## 2-4 അനധികൃത നിർമ്മാണം- വസ്തു നികുതി ഇനത്തിൽ 22,542 രൂപ വാർഷിക നഷ്ടം

ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷം നൽകിയ ഡി ആന്റ് ഒ ലൈസൻസ് പരിശോധിച്ചതിൽ മുദ്ര സ്റ്റീൽ എന്ന സ്ഥാപനത്തിന് സ്റ്റീൽ കച്ചവടം നടത്തുന്നതിന് (51/2017-18) ലൈസൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. ലൈസൻസ് അപേക്ഷയിൽ മുദ്ര സ്റ്റീൽ എന്ന സ്ഥാപനം പ്രവർത്തിക്കുന്നത് 13-ാം വാർഡിലെ 184 A എന്ന കെട്ടിടത്തിലാണ്. അപേക്ഷയിൽ ടി സ്ഥാപനത്തിന്റെ ദിവസ വിറ്റുവരവ് 1500 രൂപയാണ് കാണിച്ചിട്ടുള്ളത്, സ്ഥാപനത്തിൽ 3 ജീവനക്കാർ ജോലി ചെയ്യുന്നതായും കാണിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിൽ സ്ഥല നാമം ഇംഗ്ലീഷിലും മലയാളത്തിലും ബോർഡ് വെച്ചിട്ടുണ്ടെന്നും സ്റ്റീൽ കച്ചവടം നടത്തുന്നതിനു പുതുക്കി നൽകാമെന്നുമാണുമുള്ളത്, അതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഇനത്തിൽ 900 രൂപയും തൊഴിൽ നികുതി ഇനത്തിൽ 300 രൂപയും ഈടാക്കി ലൈസൻസ് 2017-18 വർഷത്തേക്ക് പഞ്ചായത്ത് പുതുക്കി നൽകിയിട്ടുമുണ്ട്.

ടി സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വസ്തു നികുതി സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ കെട്ടിടത്തിന് നിലവിൽ വളരെ ചെറിയ വസ്തു നികുതിയാണ് ചുമത്തിയിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാർഡ് നമ്പർ / കെട്ടിട നമ്പർ | 13 – കൽപകഞ്ചേരി / 184 - A |
| കെട്ടിട ഉടമയുടെ പേര് | പ്രസിഡന്റ് അൽമദ്രസത്തുൽമഷ്ഹൂരിയ്യ,<br>മാമ്പ്ര, കൽപകഞ്ചേരി |

| | |
|---|---|
| നികുതി നിർണയിച്ച വർഷം / തറവിസ്തീർണം | 2010-11 / 52 $M^2$ |
| പഴയ നികുതി | 114 |
| 27.04.2015 ലെ സ.ഉ (എം.എസ്) നം.144/15 തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിച്ചത് പ്രകാരം 100% വർദ്ധനവ് വരുത്തി പരിഷ്കരിച്ച വസ്തു നികുതി | 228 |

30.10.2018 ന് ടി സ്ഥാപനം പഞ്ചായത്തിലെ അസി.എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാനിദ്ധ്യത്തിൽ ഓഡിറ്റ് ടീം പരിശോധന നടത്തിയപ്പോൾ രേഖകളിൽ പറഞ്ഞ രീതിയിലല്ല കെട്ടിടം നിർമിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. നിലവിൽ മുകളിൽ ഷീറ്റിട്ട ഗോഡൗണായിട്ടാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. ഗ്രാമ പഞ്ചായത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗം ഓഡിറ്റ് ടീമിന്റെ സാനിദ്ധ്യത്തിൽ കെട്ടിടത്തിന്റെ തറവിസ്തീരണം അളന്നപ്പോൾ 414 $M^2$ ഉണ്ടെന്ന് പരിശോധനയിൽ കണ്ടെത്തി.
(ചിത്രം -1)




| | |
|---|---|
| ആകെ തറവിസ്തീർണം | 414 |
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 50/ $M^2$ (അടിസ്ഥാന വസ്തു നികുതി നിരക്ക്) |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി | 20,700 |
| വർദ്ധനവ് : വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% | 4140 |
| ആകെ | 24,840 |
| ഇളവ് : മേൽക്കൂരയുടെ നിർമിതി (ഷീറ്റ്) 10% | 2070 |

| | |
|---|---|
| അടിസ്ഥാന വാർഷിക വസ്തു നികുതി | 22,770 |
| നിലവിൽ ഈടാക്കി വരുന്ന വസ്തു നികുതി | 228 |
| വസ്തു നികുതി ഇനത്തിലെ വാർഷിക നഷ്ടം | 22,542 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(7/31.10.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികരിച്ച് നിർമ്മിച്ച കെട്ടിടം തറ വിസ്തൃതി ക്രമവത്കരിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും വസ്തു നികുതി പുനർ നിർണ്ണയിക്കുകയും ഡിമാന്റ് ക്രമീകരിക്കുകയും ചെയ്യേണ്ടതാണ്.

## 2-5 ഡി ആന്റ് ഒ ലൈസൻസ് പിരിച്ചെടുക്കുന്നതിലെ അപാകതകൾ

1- ഡി ആന്റ് ഒ രജിസ്റ്റർ സൂക്ഷിപ്പിലെ/അപേക്ഷ സംബന്ധിച്ച അപാകതകൾ

1. ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്ററിൽ അപേക്ഷ ലഭിച്ച തിയ്യതി രേഖപ്പെടുത്തുന്നില്ല

2. അപേക്ഷകളിൽ ഒട്ടിച്ച സ്റ്റാമ്പുകൾ ഉപയോഗശൂന്യമാക്കുന്നില്ല.

3. പുതിയ അപേക്ഷകർ സപ്ലിമെന്ററി ആയി വാർഡ് അടിസ്ഥാനത്തിൽ ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4. 2017-18 ൽ ലൈസൻസ് നൽകിയ ആകെ കച്ചവട സ്ഥാപനങ്ങളുടെ എണ്ണം 328 (70 എണ്ണം പുതിയ അപേക്ഷകളാണ്)ആണ്. പുതുക്കുന്നതിനു വേണ്ടി ലഭിച്ച 258 അപേക്ഷകളിൽ 196 അപേക്ഷകളും (75%) നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. ലൈസൻസ് അപേക്ഷകൾ സമയ ബന്ധിത ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരുടെ പേരിൽ ചട്ടപ്രകാരമുള്ള നടപടികളെടുത്തതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുമ്പ് ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നുണ്ട്.

2. റേഷൻ കടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചാത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് 2017-18 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഈടാക്കുകയോ വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കുകയോ ചെയ്തിട്ടില്ല. 2016-17 വർഷ റിപ്പോർട്ടിൽ ഖ 2-3 ൽ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. എന്നാൽ നാളിതു വരെ റേഷൻ കടകളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നതിനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല.

3. വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ ഉപയോഗ തരം തെറ്റായി രേഖപ്പെടുത്തുന്നു.

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളിൽ വാണിജ്യ പ്രവർത്തനങ്ങളാണ് നടക്കുന്നതെങ്കിലും സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കെട്ടിടത്തിന്റെ തരം തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിലൂടെ വസ്തു നികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്ര.ന | വാർഡ് നമ്പർ/ കെട്ടിട നം | ഡി ആന്റ് ഒ രജിസ്റ്ററിലെ ക്ര.ന | ഉപയോഗം /കടയുടെ പേര് | വിസ്തീർണ്ണം | നികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ തരം |
|---|---|---|---|---|---|
| 1 | 6/31 | 96 | ഫർണിച്ചർ നിർമാണം | താഴത്തെ നില (20.8ച മീ ) | പാർപ്പിടാവശ്യം |

| | | | | | |
|---|---|---|---|---|---|
| 2 | 7/368 | 80 | സിറ്റി വെജിറ്റബിൾ&ഫ്രൂട്ട്സ് | താഴത്തെനില (86ച മീ ) | പാർപ്പിടാവശ്യം |
| 3 | 3/261 | 73 | തൗഹീദ് സ്റ്റോർ | താഴത്തെ നില (53ച മീ ) | പാർപ്പിടാവശ്യം |
| 4 | 7/67 | 70 | ഫിദാ ഏജൻസീസ് | താഴത്തെ നില (144ച മീ ) | പാർപ്പിടാവശ്യം |
| 5 | 7/665 | 52 | സിറ്റി റെക്സിലാന്റ് | താഴത്തെ നില (90 ച മീ ) | പാർപ്പിടാവശ്യം |
| 6 | 12/96 | 31 | നോബിൾ റെക്സിൻ | അസസ്മെന്റ് രജിസ്റ്ററിൽ 12/96 നമ്പറിംഗ് നൽകിയിട്ടില്ല | |
| 7 | 7/652 | 11 | സി.വി ബേക്കറി | അസസ്മെന്റ് രജിസ്റ്ററിൽ 7/652 നമ്പറിംഗ് നൽകിയിട്ടില്ല | |
| 8 | 4/462 | 172 | ഡാബിൽ സൂർക്ക | താഴത്തെ നില (68.3ച മീ ) | പാർപ്പിടാവശ്യം |
| 9 | 8/556 | 201 | റഹ്മാനിയ ചികിത്സാലയം | താഴത്തെനില (144ച മീ ) ഒന്നാം നില (82ച മീ ) | പാർപ്പിടാവശ്യം |
| 10 | 4/179 | 204 | മെലോ എഞ്ചിനിയേഴ്സ് | താഴത്തെനില (174.6ച മീ ) | പാർപ്പിടാവശ്യം |

4. ഡി & ഒ ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

വസ്തു നികതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്വെയറിലെ അസസ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്ന 2686 കെട്ടിടങ്ങൾ നിലവിലുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ / പേര് | വാണിജ്യാവശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം | ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1- പാറപ്പുറം | 67 | 10 |

| | | |
|---|---|---|
| 2- വാരിയത്ത് | 80 | 11 |
| 3- രണ്ടത്താണി | 135 | 11 |
| 4- കിഴക്കേപ്പുറം | 257 | 35 |
| 5- തറളാട് | 91 | 18 |
| 6- മഞ്ഞച്ചോല | 79 | 15 |
| 7- കല്ലിങ്ങൽ | 605 | 75 |
| 8- പറവന്നൂർ ചോല | 178 | 15 |
| 9- നെല്ലിക്കുന്ന് | 69 | 6 |
| 10- പറവന്നൂർ | 22 | 3 |
| 11- അയിരാനി | 111 | 9 |
| 12- കടുങ്ങാത്തുകുണ്ട് | 400 | 56 |
| 13- കൽപകഞ്ചേരി | 254 | 33 |
| 14- തോട്ടായി | 98 | 6 |
| 15- കാനഞ്ചേരി | 28 | 1 |
| 16- പാലേത്ത് | 67 | 6 |
| 17- വരമ്പിങ്ങൽ | 46 | 2 |
| 18- കല്ലിങ്ങൽ പറമ്പ് | 72 | 3 |
| 19- കുണ്ടം ചിന | 27 | 2` |
| ആകെ | 2686 | 315 |

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം മുകളിൽ പറഞ്ഞിട്ടുള്ള 2686 കെട്ടിടങ്ങളിൽ 2017-18 വർഷത്തിൽ ഡി&ഒ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 315എണ്ണം മാത്രമാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2017-18 ൽ വേക്കൻസി റമിഷൻ ആർക്കും തന്നെ അനുവദിച്ച് നൽകിയിട്ടില്ല, ആകെയുള്ള വാണിജ്യാവശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന 2686 കെട്ടിടങ്ങളിൽ ഏകദേശം 12 % സ്ഥാപനം മാത്രമാണ് പ്രവർത്തിക്കുന്നതിനായി ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്താത്തതിനാൽ ലൈസൻസ് ഫീസ്, സ്ഥാപനത്തിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി എന്നിവയിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(11/31.10.2018) മറുപടിയായി എല്ലാ വ്യാപാരസ്ഥാപനങ്ങളിലും പരിശോധന നടത്തി ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും മേൽ അപാകതകൾ പരിഹരിക്കുമെന്നും അറിയിച്ചു. തനത് ഫണ്ട് സമാഹരിക്കുന്നതിൽ ധനകാര്യ സ്റ്റാൻെറിങ് കമ്മറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല- പഞ്ചായത്തിന് 3,59,100 രൂപ നഷ്ടം സംഭവിച്ചു

പഞ്ചായത്ത് പ്രദേശത്ത് ഓരോ അർദ്ധ വർഷത്തിലും മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടേയും, 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തോ അല്ലെങ്കിൽ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് പഞ്ചായത്തിന് വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ ബിസിനസ് നടത്തുകയോ, ഉദ്യോഗം വഹിക്കുന്നതോ അല്ലെങ്കിൽ 60ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നവനോ ആയ ഏതൊരാൾക്കും തൊഴിൽ നികുതി ചുമത്തേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ വകുപ്പ് 204 )

ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടക്കുന്നുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി അടക്കുന്നില്ല. 2017-18 ലെ ഡി & ഒ ലൈസൻസ് അപേക്ഷകൾ പ്രകാരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം താഴെ കൊടുക്കുന്നു.

| ക്ര.ന | ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്ററിലെ ക്ര.നമ്പർ | സ്ഥാപനത്തിന്റെ പേര് / ഉപയോഗം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | 3 | സലാല ഫാൻസി ആന്റ് ഗിഫ്റ്റ് ഹൗസ് | 2 |
| 2 | 7 | എലൈറ്റ് മാർകറ്റിംഗ് | 8 |
| 3 | 8 | ഗ്രാന്റ് സിൽക്സ് | 11 |
| 4 | 11 | സി.വി ബേക്കറി | 3 |
| 5 | 13 | A1 സോഫ്റ്റ് ഡ്രിങ്ക്സ് | 2 |
| 6 | 14 | New life line store | 2 |
| 7 | 16 | മിവ്യൂസ് ഫാഷൻ സെന്റർ | 2 |
| 8 | 19 | റിയൽ ട്രേഡേഴ്സ് | 3 |
| 9 | 20 | ന്യൂ സുപ്രിയ ഡ്രഗ്സ് | 4 |
| 10 | 33 | ഓജിൻ ബേക്ക്സ് | 3 |
| 11 | 35 | സി.എസ്. ട്രേഡേഴ്സ് | 2 |
| 12 | 36 | മോഡേൺ ഹോളോ ബ്രിക്സ് | 4 |
| 13 | 38 | പ്രഭാത് ഇൻഡസ്ട്രീസ് | 2 |

| | | | |
|---|---|---|---|
| 14 | 40 | RN trading Company | 2 |
| 15 | 41 | RN trading Company | 2 |
| 16 | 44 | ചിറയിൽ സ്റ്റീൽ ഇൻഡസ്ട്രീസ് | 2 |
| 17 | 45 | ന്യൂരി ദർബാർ ഗർ ഉദ്യോഗ് | 2 |
| 18 | 46 | TK വെജിറ്റബിൾസ് | 2 |
| 19 | 48 | ഐബിസ് കൈസിർ | 2 |
| 20 | 49 | S Square Marketing | 2 |
| 21 | 51 | മുദ്ര സ്റ്റീൽ | 3 |
| 22 | 53 | Endur Enterprises | 2 |
| 23 | 55 | സ്റ്റാർ ഓട്ടോ മൊബൈൽസ് | 2 |
| 24 | 57 | ഐറിസ് ഏട്രിയം | 2 |
| 25 | 61 | സലാല ലേഡീസ് & കിഡ്സ് | 2 |
| 26 | 63 | മിസ്ബ്യ കോഫീ ഷോപ്പ് | 3 |
| 27 | 66 | മാലിക്ക് ദിനാർ ഹജ്ജ് ഏജൻസി | 2 |
| 28 | 67 | അയ്യൂബ് എന്റർപ്രൈസസ് | 3 |
| 29 | 69 | ന്യൂ മലബാർ എന്റർപ്രൈസ് | 5 |
| 30 | 74 | AS Overseas | 2 |
| 31 | 75 | AR Bakery | 2 |
| 32 | 76 | ഷാലിമാർ ബേക്കറി | 3 |
| 33 | 77 | സിറ്റി ട്രേഡിംഗ് | 6 |
| 34 | 79 | ന്യൂ ഇന്റിമേറ്റ് | 2 |
| 35 | 87 | ഹലാൽ ചിക്കൻ | 2 |
| 36 | 89 | ഫർണിമേറ്റ് ഇന്റീരിയൽ | 2 |
| 37 | 101 | ന്യൂ ടെക് പാനൽ ഇൻഡസ്ട്രീസ് | 3 |
| 38 | 102 | തോഴന്നൂർ ചിക്കൻ | 2 |
| 39 | 104 | A- One ഹോളോബ്രിക്സ് | 3 |

| | | | |
|---|---|---|---|
| 40 | 105 | എക്സൽ ട്രേഡിംഗ് | 2 |
| 41 | 106 | ഗ്ലോബൽ എന്റർപ്രൈസ് | 2 |
| 42 | 107 | Yes , Yes marketing | 2 |
| 43 | 109 | ആഷിഫ് മെറ്റൽ ഫർണിച്ചർ | 3 |
| 44 | 110 | ടോട്ടൽ ടൂൾസ് &ഹാർഡ്വേഴേസ് | 4 |
| 45 | 111 | ഹോട്ടൽ മിനാർ | 10 |
| 46 | 112 | മരുന്ന് കച്ചവടം | 2 |
| 47 | 115 | ഗുഡ് വേ സൂപ്പർമാർകറ്റ് | 3 |
| 48 | 116 | സോഫാ നിർമാണം | 2 |
| 49 | 117 | സ്റ്റേഷനറി | 2 |
| 50 | 120 | കെ.എസ് സൂപ്പർമാർകറ്റ് | 4 |
| 51 | 121 | ബേക്കറി | 4 |
| 52 | 127 | മലഞ്ചരക്ക് വ്യാപാരം | 3 |
| 53 | 131 | റെഡിമെയ്ഡ് ഷോപ്പ് | 4 |
| 54 | 134 | പേപ്പർ കപ്പ് നിർമാണം | 3 |
| 55 | 135 | ഫർണിച്ചർ വിൽപന | 4 |
| 56 | 139 | ബാർബർ ഷോപ്പ് | 2 |
| 57 | 142 | ടൈൽസ് & സാനിറ്ററി | 2 |
| 58 | 145 | ടൈൽസ് & സാനിറ്ററി വിൽപന | 3 |
| 59 | 146 | തുണി ഷോപ്പ് | 2 |
| 60 | 151 | ഗ്രിൽ , ഗേറ്റ് നിർമാണം | 2 |
| 61 | 154 | എസ്.എൻ സിമന്റ് നിർമാണം | 8 |
| 62 | 155 | മരമില്ല് നടത്തുന്നതിന് | 5 |
| 63 | 156 | തുണി കച്ചവടം | 8 |
| 64 | 157 | സിമന്റ് സ്റ്റോക്ക് ചെയ്ത് വിൽപന | 2 |

| | | | |
|---|---|---|---|
| 65 | 158 | ലോക്ക് & ഡോർ വിൽപന | 2 |
| 66 | 159 | കാട്ടൂർ ഹോം ബസാർ | 3 |
| 67 | 160 | ഓട്ടോ മൊബൈൽസ് | 3 |
| 68 | 161 | സാഗർ എന്റർപ്രൈസസ് | 2 |
| 69 | 162 | കിടക്ക, തലയിണ നിർമാണം | 3 |
| 70 | 163 | കെ.എം ഇലട്രികൽസ് | 2 |
| 71 | 164 | കെ.എം ഇലട്രികൽസ് ഷോപ്പ് | 2 |
| 72 | 166 | ഇന്റീരിയൽ ഡിസൈനിംഗ് | 2 |
| 73 | 167 | ഫർണിച്ചർ വിൽപന | 2 |
| 74 | 169 | കംപ്യൂട്ടർ സെന്റർ | 3 |
| 75 | 170 | റൈൻബോ ലിക്വിഡ് | 2 |
| 76 | 173 | ബേക്കറി | 3 |
| 77 | 177 | പെയിന്റ് വിൽപന | 2 |
| 78 | 178 | ഓട്, ഇഷ്ടിക സിമന്റ് വിൽപന | 2 |
| 79 | 180 | വെൽഡിംഗ് യൂണിറ്റ് | 2 |
| 80 | 181 | ബാർബർ ഷോപ്പ് | 3 |
| 81 | 183 | പലചരക്ക് കട | 3 |
| 82 | 191 | ബൈപാസ് സൂപ്പർമാർകറ്റ് | 2 |
| 83 | 193 | കടപ്പ, മാർബിൾ വിൽപന | 2 |
| 84 | 195 | ബേക്കറി | 2 |
| 85 | 196 | മെഡിക്കൽ ഷോപ്പ് | 2 |
| 86 | 201 | റഹ്മാനിയ മർമ ചികിത്സാലയം | 2 |
| 87 | 202 | സ്വിച്ച് ബോർഡ് നിർമാണം | 2 |
| 88 | 204 | മെട്രോ എഞ്ചിനിയറിംഗ് | 2 |
| 89 | 208 | ഗേറ്റ്, ഗ്രിൽ നിർമാണം | 2 |
| 90 | 212 | കൈരളി ഓയിൽ & ഫ്ലോർ | 2 |

| | | | |
|---|---|---|---|
| 91 | 218 | വാഹന റിപ്പയറിംഗ് | 7 |
| 92 | 223 | പള്ളിയാട്ട് ട്രേഡേഴ്സ് | 2 |
| 93 | 224 | ജെ.ആർ എന്റർപ്രൈസസ് | 3 |
| 94 | 228 | അലിഫ് ട്രേഡ് ലിങ്ക് | 2 |
| 95 | 232 | ശ്രീകൃഷ്ണവിലാസ് ഹോട്ടൽ | 3 |
| 96 | 234 | ഹോളോ ബ്രിക്സ് | 4 |
| 97 | 235 | ഖാജാ ഹോട്ടൽ | 6 |
| 98 | 241 | റിയാസ് ഫർണിച്ചർ മാർട്ട് | 2 |
| 99 | 243 | ടൈൽസ് ആന്റ് സാനിറ്ററി സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് വിൽപന | 4 |
| 100 | 244 | മെട്രോ ഇലക്ട്രികൽസ് | 2 |
| 101 | 245 | ഹൈടെക് ബിൽഡേഴ്സ് | 2 |
| 102 | 247 | റെയിൻബോ സോളാർ സിസ്റ്റംസ് | 2 |
| 103 | 249 | ഗ്രീൻവാലി കമ്പനി | 2 |
| 104 | 250 | ഹോട്ടൽ കച്ചവടം | 3 |
| 105 | 252 | എസ്.എൻ സിമന്റ് മാർകറ്റിംഗ് | 4 |
| 106 | 254 | ഡോർ ഫിറ്റിംഗ് | 4 |
| 107 | 255 | ഹോളാ ബ്രിക്സ് നിർമാണം | 3 |
| 108 | 257 | സ്പൈസി ഹോട്ടൽ | 3 |
| 109 | 258 | സോഫാ നിർമാണം | 2 |
| 110 | 259 | ബേക്കറി | 5 |
| 111 | 260 | ഹോട്ടൽ | 2 |
| 112 | 264 | വുഡ് വർക്സ് | 4 |
| 113 | 269 | ബേക്കറി | 2 |
| 114 | 270 | ഗ്രീൻ മാർക്ക് ഡയറി | 2 |

| | | | |
|---|---|---|---|
| 115 | 271 | കൽപക ഹോട്ടൽ | 6 |
| 116 | 279 | പ്ലൈവുഡ് | 2 |
| 117 | 281 | മെഡിക്കൽ സ്റ്റോർ | 3 |
| 118 | 285 | ഹോട്ടൽ & മെസ്സ് | 2 |
| 119 | 287 | സിമന്റ് കമ്പി വിൽപന | 3 |
| 120 | 291 | ടാങ്ക്, പൈപ്പ് ഫിറ്റിംഗ് | 2 |
| 121 | 293 | ഓട്ടോ മൊബൈൽവർക്ക്ഷോപ്പ് | 3 |
| 122 | 294 | ബേക്കറി | 2 |
| 123 | 295 | ഫർണിച്ചർ വിൽപന | 2 |
| 124 | 297 | അലുമിനിയം ഫാബ്രിക്കേറ്റ്സ് | 2 |
| 125 | 299 | സ്റ്റീൽ ഷീറ്റ് | 2 |
| 126 | 301 | ഇൻഡസ്ട്രിയൽ വർക്ക് ഷോപ്പ് | 3 |
| 127 | 302 | പഴയ ഇരുമ്പ് , പ്ലാസ്റ്റിക് മുതലായവ | 2 |
| 128 | 303 | മെഡിക്കൽ ഡിസ്പോസിബിൾ | 2 |
| 129 | 306 | മിൽമ ഡയറി | 5 |
| 130 | 311 | ബാഗ് നിർമാണം | 3 |
| 131 | 312 | ബേക്കറി | 2 |
| 132 | 317 | ഫർണിച്ചർ നിർമാണം | 6 |
| 133 | 318 | കാർവാഷിംഗ് | 3 |
| 134 | 324 | ധാന്യങ്ങൾ പൊടിച്ച് വിൽപന | 3 |
| 135 | 325 | വീഡിയോ എഡിറ്റിംഗ് സ്റ്റുഡിയോ | 2 |
| 136 | 328 | സർജിക്കൽ ഉപകരണങ്ങൾ വിൽപന | 4 |
| | | ആകെ ജീവനക്കാരുടെ എണ്ണം | 399 |

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര

സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപ. മേൽ പട്ടിക പ്രകാരം (2 ൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന കച്ചവട സ്ഥാപനങ്ങളുടെ ലിസ്റ്റാണ് പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളത്) 399 തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലായി (399x450x2) 3,59,100/-രൂപ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല. ഇത് മൂലം പഞ്ചായത്തിലെ തനത് ഫണ്ടിന് വലിയൊരു തുക നഷ്ടം സംഭവിച്ചു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/31.10.2018) മറുപടിയായി മേൽപ്പടി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർ താത്കാലിക ജീവനക്കാരും അന്യ സംസ്ഥാന തൊഴിലാളികളുമാണെന്നും ഇവർക്ക് മിനിമം വേതനം സ്ഥാപന ഉടമ നൽകുന്നില്ല എന്നും നോട്ടീസ് അയക്കുമ്പോൾ തൊഴിൽ നികുതി പരിധിയിൽ വരാത്ത തുകയാണ് കാണിക്കുന്നത് എന്നും അറിയിച്ചു. മറുപടി തൃപ്തകരമല്ല. തനത് ഫണ്ട് സമാഹരിക്കുന്നതിൽ ധനകാര്യ സ്റ്റാൻറിങ് കമ്മറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 2-7 നികുതി പിരിവ് 100 % കൈവരിച്ചില്ല

2017-2018 വർഷത്തിൽ വസ്തുനികുതി നാളിതു വരെ 100% നികുതി പിരിവ് നേടിയെടുക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഓഡിറ്റ് സമയത്തെ സഞ്ചയ കളക്ഷൻ പ്രോഗ്രസ് റിപ്പോർട്ട് പ്രകാരമുള്ള വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| തൻവർഷ കടിശ്ശിക | 2,06,473 |
| മുൻവർഷങ്ങളിലെ കടിശ്ശിക | 1,51,845 |
| ആകെ | 3,58,318 |

3,58,318 രൂപ കുടിശ്ശിക പിരിച്ചെടുത്ത് നികുതി പിരിവ് 100% മാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിലേക്ക് വരുന്ന വരവിനത്തിൽ മുഖ്യപങ്കും വഹിക്കുന്നത് വസ്തു നികുതിയാണ്. എന്നാൽ വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ഒന്നും തന്നെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. സമാപന യോഗത്തിൽ ഈ വിഷയം അവതരിപ്പിച്ചപ്പോൾ നികുതി പിരിവ് 100% കൈവരിക്കുന്നതിന് ലഭ്യമായ സ്റ്റാഫിന്റെ കുറവും നിരന്തരമുള്ള ട്രാൻസ്ഫറുകളുമാണ് വിഘാതം സൃഷ്ടിച്ചതെന്നും നടപ്പു വർഷം 100% കൈവരിക്കുന്നതിനുള്ള ഊർജിത ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുകയാണെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അറിയിച്ചു.
വസ്തു നികുതി സംബന്ധിച്ച് ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, 2017-18 ലെ സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്റർ എന്നിവ പ്രിന്റ് ചെയ്ത് സംഗ്രഹം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 2-8 നിശ്ചിത സമയപരിധിക്കുള്ളിൽ സേവനം നൽകാത്തത് സംബന്ധിച്ച്.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 15 പ്രകാരം പെർമിറ്റിനുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം അംഗീകാരം നൽകുകയോ നിരാകരിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ലഭിച്ച അപേക്ഷകൾ ഈ കാലയളവിനുള്ളിൽ തീർപ്പാക്കിയിട്ടില്ല. ചില അപേക്ഷകൾ ലഭിച്ച് മാസങ്ങൾക്ക് ശേഷമാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. കാലതാമസത്തിനുള്ള കാരണവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷ തീർപ്പാക്കുന്നതിൽ അകാരണമായി കാലതാമസം വന്നിട്ടുള്ളതിന് ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷ ലഭിച്ച തിയ്യതി | അപേക്ഷകന്റെ പേര് | പെർമിറ്റ് നമ്പർ / തിയ്യതി |
|---|---|---|---|
| 1 | 06.11.2017 | ശ്രീ. നിഷിജാൻ | A3-BA(7119)2018 തി. 10.01.2018 |
| 2 | 17.11.2017 | ശ്രീ. ഹംസ എം.ടി | A3-BA(1743)2018 തി. 03.01.2018 |
| 3 | 11.01.2018 & റി സബ്മിറ്റഡ് 22.01.2018 | ശ്രീ. കൊന്നല്ലൂർ അബു & ആസിഫ് | A3-BA(57113)2018 തി. 20.03.2018 |
| 4 | 17.11.2017 | ശ്രീ. അലിക്കുട്ടി പി.പി | A3-BA(5063)2018 തി. |

| | | | |
|---|---|---|---|
| | | | 08.01.2018 |
| 5 | 17.11.2017 | ശ്രീ. ഹംസ | A3-BA(7935)2018 തി. 11.01.2018 |
| 6 | 17.11.2017 | ശ്രീ. ഹുസൈൻ | A3-BA(16721)2018 തി. 24.01.2018 |
| 7 | 17.11.2017 | ശ്രീ. മുഹമ്മദ് കുട്ടി ആലുങ്ങൽ | A3-BA(16722)2018 തി. 24.01.2018 |
| 8 | 03.01.2018 | ശ്രീ. അലവിക്കുട്ടി കടിയാപുറത്ത് | A3-BA6937)2018 തി. 14.02.2018 |
| 9 | 08.12.2017 | ശ്രീ. സൈനുദ്ധീൻ കരിമ്പുകണ്ടത്തിൽ | A3-BA(8270)2018 തി. 12.01.2018 |
| 10 | 05.12.2017 | ശ്രീ. കുഞ്ഞീൻ | A6-BA(8260)2018 തി. 12.01.2018 |
| 11 | 05.12.2017 | ശ്രീ.മുഹമ്മദ് കുട്ടി പുത്തൻ വളപ്പിൽ | A3-BA(10787)2018 തി. 16.01.2018 |
| 12 | 05.12.2017 | ശ്രീ. മുഹമ്മദ് ശരീഫ് പെരിങ്ങോടൻ | A6-BA(5374)2018 തി. 09.01.2018 |
| 13 | 08.12.2017 | ശ്രീ. അബ്ദു റഹിമാൻ കുട്ടി | A6-BA(8248)2018 തി. 11.01.2018 |
| 14 | 20.12.2017 | ശ്രീ. കുഞ്ഞൻ തെട്ടിയിൽ | A3-BA(20480)2018 തി. 30.01.2018 |
| 15 | 03.01.2018 | ശ്രീ. മുഹമ്മദാലി | A3-BA(6933)2018 തി. 14.02.2018 |
| 16 | 03.01.2018 | ശ്രീമതി.നഫീസ | A3-BA(2621)2018 തി. 07.02.2018 |
| 17 | 09.01.2018 | ശ്രീ.മുഹമ്മദ്ഷാഫി&സാഹിറ | A3-BA(57118)2018 തി. 20.03.2018 |

മുൻഗണനാ ക്രമം പോലും പാലിക്കാതെ കെട്ടിട നിർമാണാനുമതി ലഭിക്കാൻ മാസങ്ങൾ കാത്തിരിക്കേണ്ട സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. എന്നാൽ അതിന്റെ വിഭിന്നമായി അപേക്ഷ ലഭിച്ച അന്ന് തന്നെ തീർപ്പാക്കുന്നത് രീതിയും പഞ്ചായത്ത് സ്വീകരിച്ച് വരുന്നതിന് ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷ ലഭിച്ച തിയ്യതി / ഫയൽ നമ്പർ | അപേക്ഷകന്റെ പേര് | പെർമിറ്റ്/റഗുലൈസേഷൻ നമ്പർ തിയ്യതി |
|---|---|---|---|
| 1 | 30.01.2018 A3/5190/2018 | ശ്രീ.കുഞ്ഞഹമ്മദ്കുട്ടിപള്ളിമാലിൽ | A3-BA(20440)2018 തി. 30.01.2018 |
| 2 | 15.02.2018 A3/162/2018 | ശ്രീ.ഹുസൈൻനരിമടക്കൽ | A3-BA(7669)2018 തി. 15.02.2018 |
| 3 | 15.03.2018 A3/749/2018 | ശ്രീ.മുഹമ്മദ് യാസിർ | A3-BA(53573)2018 തി. 15.03.2018 |

ഇത് സംബന്ധിച്ച് സമാപന യോഗത്തിൽ അവതരിച്ചപ്പോൾ പഞ്ചായത്ത് പ്രദേശത്ത് പ്രവാസികളുടെ എണ്ണം വളരെ കൂടുതലാണെന്നും നിശ്ചിത ലീവ് കഴിയുന്നതിനു മുമ്പ് അവർക്ക് വീട് പണി തുടങ്ങേണ്ടി വരുന്നത് മൂലമാണ് പഞ്ചായത്ത് ഭരണ സമിതി ചർച്ച ചെയ്തു അത്തരം അപേക്ഷകൾ പെട്ടെന്ന് തീർപ്പാക്കുന്നത് എന്നും ഭരണ സമിതി അംഗം മറുപടിയായി പറഞ്ഞു. സേവനങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് നടപടി സ്വീകരിക്കേണ്ടതും സമയ പരിധി ലംഘിക്കാതെ എല്ലാവർക്കും സേവനം കിട്ടുന്നു എന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-9 ഇ – ടെണ്ടർ - ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

താഴെ പറയുന്ന മരാമത്ത് പ്രവൃത്തി ഇ ടെണ്ടറുകൾ വഴിയാണ് നിർവ്വഹിച്ചിട്ടുള്ളത്. നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ കിടക്കുകയാണ്. പഞ്ചായത്തിനു അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ വരവ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

| പ്രവൃത്തി | ടെണ്ടർ സമർപ്പിച്ചത് | ടെണ്ടർ ഫോമിന്റെ വില |
|---|---|---|
| മഞ്ഞചോല,കൽപകഞ്ചേരി LP സ്കൂളുകളിൽ സാനിറ്ററി യൂണിറ്റ്. | മുഹമ്മദ് ബഷീർ.p | 2500 |
| | മുഹമ്മദ്നിയാസ്.K | 2500 |

ടെണ്ടർ ഫോറത്തിന്റെ വില ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വക്കേണ്ടതാണ്.

## 2-10 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

1996 ലെ കേരള ബിൽഡിംഗ്ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ 276426 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം തനത് വരുമാനത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഭാവിയിൽ കളക്ഷൻ ചാർജ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് (19/1.1.18) മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ശമ്പള പരിഷ്കരണം - പെൻഷൻ അംശദാനം അടവാക്കേണ്ടതാണ്.

20-01-16ലെ G.O.(P)No.7/16/Fin ന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിച്ചതിൽ 1-7-14 മുതൽ 31-1-16 വരെയുള്ള കാലയളവിലേക്ക് കുടിശ്ശിക ഇനത്തിൽ നല്കാനുള്ള തുകയുടെ ഒന്നും രണ്ടും ഗഡുക്കൾ ചുവടെ കൊടുത്തിരിക്കും പ്രകാരം അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഒന്നാംഗഡു

| വൗച്ചർ നമ്പർ/തീയതി | ചെക്ക് നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 21700026/3-4-17 | 17665/3-4-17 | 28,366 | രഞ്ജിത്, അനുപമ എന്നിവർക്ക് |
| 21700226/6-7-17 | 1934693/6-7-17 | 21,656 | രമണിക്ക് |
| 21700252/27-7-17 | 1934696/27-7-17 | 99,435 | അവശേഷിച്ച ജീവനക്കാർക്ക് |

രണ്ടാം ഗഡു

| വൗച്ചർ നമ്പർ/തീയതി | ചെക്ക് നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 21700461/19-10-17 | 19405/19-10-17 | 17,827 | രമണിക്ക് |
| 21700624/16-12-17 | 2063427/20-12-17 | 1,19.175 | അവശേഷിച്ച ജീവനക്കാർക്ക് |

കൂടാതെ, ടി കാലയളവിലുണ്ടായിരുന്ന മുൻ സെക്രട്ടറി ശ്രീ എസ്.എം.അബ്ദുൾ സത്താറിന് ഒന്നാം രണ്ടാം ഗഡുക്കൾ( 70,337 രൂപ ) ഒരുമിച്ച് 22-12-17 ന് 21700629ാം വൗച്ചർ പ്രകാരം (ചെക്ക് നമ്പർ/തീയതി: 20016/22-12-17) നൽകിയിട്ടുണ്ട്.

മേൽ ജീവനക്കാരുടെ 1-7-14 മുതൽ 31-1-16 വരെയുള്ള കാലയളവിലെ അടിസ്ഥാന ശമ്പളത്തിലുള്ള വർദ്ധനവിന്റെ 15% ടിയാളുകളുടെ പെൻഷൻ അംശദാനം ഇനത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-2 പരിരക്ഷ – മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പാലിയേറ്റീവ് പരിചരണത്തിനു വേണ്ടി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ (സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ തിയതി 29-10-2015) യിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ കിടപ്പിലായ രോഗികളുടെ പരിചരണം (പാലിയേറ്റീവ് കെയർ) പദ്ധതിയിൽ (പ്രോജക്റ്റ് നമ്പർ SO104/18' അടങ്കൽ ₹6,43,050 വികസന ഫണ്ട്(പൊതു വിഭാഗം) ചെലവ് ₹ 4,96,222) പാലിച്ചിട്ടില്ല.

1) മാർഗ്ഗരേഖ 2.3 ൽ സൂചിപ്പിച്ച പ്രകാരം വർഷാരംഭത്തിന് മുമ്പ് ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിലോ ആവശ്യാനുസരണം യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതുമാണ്. പാലിയേറ്റീവ് പ്രവർത്തനം സംബന്ധിച്ച് അനുബന്ധം 9 ൽ കൊടുത്തിട്ടുള്ള മാതൃകയിലുള്ള ഓരോ മാസത്തേയും പ്രതിമാസ പ്രവർത്തന- അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കും ഈ യോഗത്തിൽ മെമ്പർ സെക്രട്ടറി രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്.

എന്നാൽ പി എം സി മിനട്സ് പരിശോധിച്ചതിൽ 2017-18 സാമ്പത്തിക വർഷത്തിലേക്കുള്ള കമ്മിറ്റി രൂപീകരിച്ചിട്ടില്ല. പ്രതിമാസ പ്രവർത്തന- അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കും യോഗങ്ങളിൽ മെമ്പർ സെക്രട്ടറി അവതരിപ്പിക്കുന്നില്ല. 2017-18 സാമ്പത്തിക വർഷത്തിൽ 10.06.2017, 27.09.2017, 15.12.2017, 05.03.2018, എന്നീ തിയതികളിലായി ആകെ 4 തവണ മാത്രമേ കൂടിയിട്ടുള്ളൂ. ഓരോ വർഷാരംഭത്തിലും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി എം സി) രൂപീകരിക്കാത്തതിനും കൃത്യമായ ഇടവേളകളിൽ യോഗം ചേരാത്തതിനും ഓരോ മാസത്തേയും പ്രതിമാസ പ്രവർത്തന- അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും അവതരിപ്പിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01-24.10.2018) മാർഗ്ഗരേഖ പ്രകാരമുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

2) മാർഗ്ഗരേഖ 2.5 പ്രാഥമിക പാലിയേറ്റീവ് സേവനം ലഭ്യമാക്കേണ്ടവരുടെ രജിസ്ട്രേഷൻ - ഉപ ഭാഗം 2.5.6 പ്രകാരം "' *ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന* രോഗികളുടെ പേരുവിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്ററിലും മാറ്റം വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്ററ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനു ശേഷം തുക ചിലവഴിക്കാൻ പാടില്ല."എന്നാൽ നാളിതു വരെ *നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന* രോഗികളുടെ പേരുവിവരം കൽപകഞ്ചേരിഗ്രാമ പഞ്ചായത്തിൽ വെബ്സൈറ്റിൽ http://lsgkerala.in/kalpakancherypanchayat/ പ്രസിദ്ധീകരിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01-24.10.2018) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

3) മാർഗ്ഗരേഖ 2.6.3-(7) പ്രകാരം *ഓരോ ദിവസവും ഗൃഹസന്ദർശനം നടന്നു കഴിഞ്ഞാൽ അന്നുതന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നേഴ്സ് കംപ്യൂട്ടർ സോഫ്റ്റ്വെയർ മുഖേന അപ്ലോഡ് ചെയ്യേണ്ടതാണ്. അതിനാവശ്യമായ ഓൺലൈൻ സംവിധാനം ഐ.കെ.എം ലഭ്യമാക്കുന്നതാണ്.* എന്നാൽ നാളിതു വരെ ആയത് ചെയ്യുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01-24.10.2018) മാർഗ്ഗരേഖ പ്രകാരമുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

4. മാർഗ്ഗരേഖ 2.6.2 പ്രകാരം ദൈനം ദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായ രോഗികളുടെ പരിചരണ രീതി അവരുടെ വീടുകളിൽ ചെന്ന് പഠിപ്പിച്ച് കൊടുക്കുവാനും ആവശ്യമായ തുടർ പരിചരണം ചെയ്തു കൊടുക്കാനുമായി ഹോം കെയർ സംവിധാനം രാവിലെ 9.30 മുതൽ ആരംഭിച്ച് വൈകുന്നേരം 4.30 വരെ തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ , കൂടുതൽ പരിചരണം ആവശ്യമുള്ള 8 രോഗികളെയെങ്കിലും ഒരു ദിവസം സന്ദർശിക്കേണ്ടതും ആഴ്ചയിൽ 4 ൽ കുറയാതെയുള്ള ഹോം കെയർ ദിനങ്ങൾ (മാസത്തിൽ 16) വരുന്ന രീതിയിൽ ഹോം കെയർ ആസൂത്രണം ചെയ്യേണ്ടതുമാണ്

എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ മാസത്തിൽ 16 ദിവസം ഹോം കെയർ നടത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് ഹോം കെയർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് ബോധ്യപ്പെട്ടു.

| ക്ര.ന | മാസം | ഹോം കെയർ ദിനങ്ങൾ | കുറവ് |
|---|---|---|---|
| 1 | ഏപ്രിൽ | 11 | 5 |
| 2 | മെയ് | 12 | 4 |
| 3 | ജൂൺ | 12 | 4 |
| 4 | ജൂലൈ | 12 | 4 |
| 5 | ആഗസ്റ്റ് | 12 | 4 |
| 6 | സെപ്തംബർ | 12 | 4 |
| 7 | ഒക്ടോബർ | 11 | 5 |
| 8 | നവംബർ | 12 | 4 |
| 9 | ഡിസംബർ | 10 | 6 |
| 10 | ജനവരി | 12 | 4 |
| 11 | ഫെബ്രുവരി | 12 | 4 |
| 12 | മാർച്ച് | 12 | 4 |
|  | ആകെ | 140 | 52 |

2017-18 സാമ്പത്തിക വർഷത്തിൽ പാലിയേറ്റീവ് നിർവഹണ രംഗത്തെ ആസൂത്രണത്തിന്റെ അഭാവം മൂലം 52 ദിവസത്തെ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01-24.10.2018) മാർഗ്ഗരേഖ പ്രകാരമുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

5. കിടപ്പിലായ രോഗികളുടെ പരിചരണം (പാലിയേറ്റീവ് കെയർ) പദ്ധതിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി ₹ 1,50,461 (ബിൽ നമ്പർ 10/2017-18 തിയ്യതി 12.02.2018 വികസന ഫണ്ട് പൊതുവിഭാഗം) തുക ട്രഷറി മുഖേന നേരിട്ട് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ യാതൊന്നും ലഭ്യമായിട്ടില്ല. ചെലവ് തുക 1,50,461 തടസ്സം ചെയ്യുന്നു.

## 3-3 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല

പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങുന്നതിന് താഴെപ്പറയും പ്രകാരം തുക ട്രഷറി മുഖേന നേരിട്ട് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ 35,783 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ആയത് സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് / പ്രൊജക്ട് നമ്പർ | അടങ്കൽ തുക | ചെലവഴിച്ച തുക<br>ബിൽ നമ്പർ / തിയ്യതി |
|---|---|---|
| ആരോഗ്യസ്ഥാപനങ്ങളിലേക്ക്മരുന്ന്വാങ്ങൽ | 100,000 | 99,952 |

| | | |
|---|---|---|
| (S0103/18) | | 08/2017-18തിയതി29.01.2018 |

ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്നുകൾ ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ ലഭ്യമല്ല എന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന 64,169 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 64,169 തടസ്സം ചെയ്യുന്നു.

## 3-4 HMC വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല.

സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം(ജൂലൈ 31) വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കണമെന്നിരിക്കെ HMC കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല.

1.കൽപകഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രം

എച്ച്.എം.സി ഫണ്ട് രൂപീകരിച്ചതു മുതൽ 2017-18 വരെയുള്ള എച്ച്.എം.സി കണക്കുകൾ നാളിതു വരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2.കൽപകഞ്ചേരി ഗവ.ആയുർവദ ആശുപത്രി

2015-16, 2016-17, 2017-18 വർഷത്തെ എച്ച്.എം.സി കണക്കുകൾ നാളിതു വരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 3-5 ഡിസ്കോപടി കുടിവെള്ള പദ്ധതി - GI Pipe ഇട്ടതിന് അധിക നിരക്ക് നൽകി - നഷ്ടം 4553 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രൊജക്റ്റ് -SO210/18

എം. ബുക്ക് - 114/16-17

കരാർ - 81/3.3.16 (Estimate rate)

മൂല്യനിർണ്ണയം - 97951

ബിൽ - 33/12.2.18

കൺവീനർ - മുഹമ്മദ് നിയാസ്

പ്രവൃത്തിയുടെ ഇനം 6 പ്രകാരം 78.15 മീറ്റർ GI Pipe (65 mm dia ) വിതരണ ലൈനിന് വേണ്ടി സ്ഥാപിച്ചതിന് DSR 18.12.7 പ്രകാരമുള്ള 634.86/m നിരക്ക് വച്ച് 49614 രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി 30.10.18 ന് നേരിൽ പരിശോധിച്ചതിൽ GI Pipe മണ്ണിന് മുകളിലൂടെ സ്ഥാപിച്ചതായി കണ്ടു. Trenchinng & Refilling എന്ന ഇനം പ്രവൃത്തിയിൽ നടന്നിട്ടില്ലാത്തതിനാൽ ഈയിനത്തിന് അനുവദിച്ച തുക ഒഴിവാക്കി DSR code 18.12.7 പ്രകാരം അനുവദിക്കാവുന്ന നിരക്ക് താഴെ പറയും പ്രകാരമാണ്

Cost for 10 mtre

| | Qty | Rate | Amount |
|---|---|---|---|
| GI pipe 65 mmdia | 10.2 | 295 | 3009 |
| Carriage of pipe | 0.06763 | 92.24 | 6.24 |
| Sundries-white lead,hemp,oil,etc | 13.52 | 1.73 | 23.39 |
| Labour | | | |
| Fitter (Gr 1) | 0.25 | 487 | 121.75 |

| | | | |
|---|---|---|---|
| Belder | 0.66 | 368 | 242.88 |
| Coolie | 0.66 | 368 | 242.88 |
| | | | 3646.14 |
| | | Add water charge | 36.46 |
| | | | 3682.60 |
| | | Add CPOH | 552.39 |
| | | | 4234.99 |
| | | Cost for 1 metre | 423.4 |
| | | Add Cost Index (36.19%) | 153.2 |
| | | | 576.6 |

അനുവദിക്കാവുന്ന തുക – 78.15/m x 576.6/m = 45061

അധികം അനുവദിച്ചത് - 4553 (49614-45061)

അധികമായി അനുവദിച്ച തുക അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് (12/30.10.18) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-6 പത്രാസ്സ്പടി കുടിവെള്ള പദ്ധതി വിപുലീകരണം - അധികം നൽകിയത് 13038 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രൊജക്റ്റ് -SO049/18

എം. ബുക്ക് - 68/17-18

കരാർ - 68/20.3.17

മൂല്യനിർണ്ണയം - 233655

ബിൽ - 92/28.3.18

കൺവീനർ - ആലിക്കുട്ടി

പ്രവൃത്തിയിൽ പദ്ധതി വിപുലീകരിക്കുന്നതിന് വേണ്ടി നിലവിലുള്ള 5 HP Submersible motor പമ്പ് സെറ്റ് മാറ്റി 10 HP Submersible motor പമ്പ് സെറ്റ് സ്ഥാപിക്കുകയും 63 mm dia PVC pipe ഉപയോഗിച്ച് പമ്പിംഗ് മെയിൻ സ്ഥാപിക്കുകയും ഡിസ്ട്രിബ്യൂഷൻ ലൈൻ കൂട്ടുകയും ചെയ്യുന്നു. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അളവ് പുസ്തകപ്രകാരം Distribution line ദീർഘിപ്പിച്ചതിന് അനുവദിച്ച തുക

| ഇനം | അളവ് | അനുവദിച്ച തുക |
|---|---|---|
| Providing & Fixing PCV Pipe 63 mm dia 10 kg/cm2 | 320 m @262.89/m | 84124.80 |
| Providing & Fixing PCV Pipe 63 mm dia 6 kg/cm2 | 159 m @246.92/m | 39260.28 |
| ആകെ | | 123385 |

കൺവീനറുടെ പർച്ചേസ് ബില്ല് 63 mm dia 6 kg/cm2 പ്രകാരമുള്ള PCV Pipe 305 മീറ്ററും , 63 mm dia 4 kg/cm2

പ്രകാരമുള്ള PCV Pipe 190 മീറ്ററുമാണ് പ്രവൃത്തിക്ക് വേണ്ടി വാങ്ങിയിട്ടുള്ളത്. അതുകൊണ്ട് തന്നെ 63 mm dia 10 kg/cm2 പ്രകാരമുള്ള PCV Pipe പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടില്ല എന്ന് വ്യക്തമാണ്. കൺവീനറുടെ ബില്ല് പ്രകാരം പ്രവത്തിക്ക് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

<u>DATA for Providing & Fixing PCV Pipe 63 mm dia 4 kg/cm2</u>

| Description | Qty | Rate | Amount |
|---|---|---|---|
| Pvc pipe 63 mm/4 kg/cm2(മാർക്കറ്റ് നിരക്ക് ) | 10.50 | 83 | 871.5 |
| Fitter (GR1) | 0.25 | 487 | 121.75 |
| Beldar | 0.66 | 368 | 242.88 |
| Beldar | 0.66 | 368 | 242.88 |
| Coolie | 0.66 | 368 | 242.88 |
| | | Cost for 10 mtre | 1721.89 |
| | | Cost for 1 mtre | 172.18 |
| | | Add Water charge 1% | 1.72 |
| | | Total | 173.9 |
| | | Add CPOH 7.5% | 13.04 |
| | | Total | 186.94 |
| | | പൈപ്പിന്റെ വില ഒഴികെയുള്ള തുകക്ക് Cost Index 36.19% | 33.41 |
| | | | 220.35 |

| ഇനം | അളവ് | അനുവദിക്കാവുന്ന തുക |
|---|---|---|
| Providing & Fixing PCV Pipe 63 mm dia 6 kg/cm2 | 305 m @246.92/m | 75311 |
| Providing & Fixing PCV Pipe 63 mm dia 4 kg/cm2 | 159 m @220.35/m | 35036 |
| ആകെ | | 110347 |

പ്രവൃത്തിയിൽ അധികം നൽകിയ തുക 13038 (123385-110347)

2). പ്രവൃത്തി സ്ഥലം പരിശോധന നടത്തിയതിൽ പമ്പിംഗ് മെയിനിന്റെ മുകൾ ഭാഗത്ത് നിന്ന് പൈപ്പിന്റെ ലീക്ക് കാരണം വെള്ളം പുറത്തേക്ക് ഒഴുകി പോകുന്നതായി കണ്ടു. പ്രവൃത്തിയിലെ ഈ അപാകത പരിഹരിച്ചിട്ടില്ല.

3). എസ്റ്റിമേറ്റിൽ പമ്പിംഗ് മെയിനിന് 63 mm dia 10 kg/cm2 പ്രകാരമുള്ള PCV Pipe, വിതരണ ലൈനിന് 63 mm dia 6 kg/cm2 പ്രകാരമുള്ള PCV Pipe എന്നിവ കാണിക്കുകയും അതു പ്രകാരമുള്ള തുക അനുവദിക്കുകയും ചെയ്ത ഈ പ്രവൃത്തിയിൽ പമ്പിംഗ് മെയിനിന് 63 mm dia 6 kg/cm2 പ്രകാരമുള്ള PCV Pipe, വിതരണ ലൈനിന് 63 mm dia 4 kg/cm2 പ്രകാരമുള്ള PCV Pipe എന്നിവ സ്ഥാപിച്ചത് വഴി പ്രവൃത്തി ഗുണനിലവാരമില്ലാത്തതായി മാറി.

4) പ്രവൃത്തിയിൽ നിലവിലുള്ള 5 HP Submersible motor പമ്പ് സെറ്റ് മാറ്റി 10 HP Submersible motor പമ്പ് സെറ്റ് സ്ഥാപിച്ചതിനാൽ പഴയ 5 HP Submersible motor പമ്പ് സെറ്റിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കിയിട്ടില്ല.

5) പദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറിട്ടില്ല.

അധികമായി അനുവദിച്ച തുക അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഓഡിറ്റ്

അന്വേഷണത്തിന് (13/30.10.18) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-7 വരമ്പിങ്ങൽ ചാലിക്കുന്ന് മീമൂള്ളിപ്പാറ റോഡ് പുനരുദ്ധാരണം - അപാകത-അധികം നൽകിയത് 7033 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രൊജക്റ്റ് - (SO038/18)

എം. ബുക്ക് - 63/16-17

കരാർ - 63/17.3.17 (Estmate rate)

കരാറുകാരൻ - MT.ഇബ്രാഹിം കുട്ടി

മൂല്യനിർണ്ണയം - 3,00,000

ബിൽ - 1/28.3.18

226 മീറ്റർ നീളം IRISH Drain ന് വേണ്ടിയാണ് പ്രൊജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനങ്ങൾ Earth work Excavation, Cement Concreting എന്നിവയാണ്.

| കോഡ് | ഇനം | അളവ് | തുക |
|---|---|---|---|
| 2.1.1 | Earth work Excavation | 271.2 m2 (2x226x0.60) | 17416 |
| 16.42 | 1:2:4 Cement Concreting | 40.68 m3 (2x226x0.60x0.15) | 282272.82 |
| | | L.S | 310.71 |
| | | | 3,00,000 |

പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ

1. പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് 41.2 മീറ്റർ നീളം 4 മീറ്റർ വീതിയിൽ റോഡ് കോൺക്രീറ്റിംഗാണ് (25.92 m3). ബാക്കി 74.5 മീറ്റർ നീളം റോഡിന്റെ വലതു വശത്തും , 35.7 മീറ്റർ നീളം ഇടത് വശത്തും ഏകദേശം 60 cm വീതിയിൽ Irish drainage ചെയ്തു. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗികാരം വാങ്ങാതെയാണ് പ്രവൃത്തി നടപ്പാക്കിയത്.

2. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഫണ്ട് വകമാറ്റി ചെലവഴിച്ചു.

3.എസ്റ്റിമേറ്റിന് വിരുദ്ധമായി ചെയ്തതിനാൽ 110.3 മീറ്ററോളം റോഡിന്റെ വലത് വശത്തും 149.1മീറ്ററോളം ഇടത് വശത്തും ഐറിഷ് ഡ്രൈനേജ് ചെയ്യാൻ കഴിഞ്ഞില്ല.

4.സ്ഥല പരിശോധനയിൽ കോൺക്രീറ്റ് ചെയ്ത റോഡിന്റെ വക്ക് ഷട്ടറിംഗ് ചെയ്താൽ ഉള്ളതുപോലെ നിരപ്പിലല്ലാതെ curved ആയതിനാലും ഡ്രൈനേജിന് വേണ്ടി കോൺക്രീറ്റ് ചെയ്തതിൽ സൈഡ് ഷട്ടറിംഗ് ചെയ്തിട്ടില്ല എന്ന് എ.ഇ.യും ഓവർസീയറും സ്ഥലപരിശോധനസമയത്ത് അംഗീകരിച്ചതിനാലും ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തിക്ക് ഷട്ടറിന് ഉൾപ്പെടെയുള്ള നിരക്ക് 6938.86/m3 അനുവദിച്ചത് അംഗീകരിക്കുന്നില്ല. അനുവദിക്കാവുന്ന നിരക്ക് 6768.62 / m3 രൂപയാണ്.

1:2:4 cement concrete ന് അനുവദിച്ച തുക – 41.31 m3 x 6938.86 m3 = 286644.31

അനുവദിക്കാവുന്ന തുക - 41.31 m3 x 6768.62 m3 = 279611.69

അധികം - 7033

അധികമായി അനുവദിച്ച തുക അളവ് എടുത്ത അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. സാങ്കേതികാനുമതി നൽകിയ എസ്ററിമേറ്റിൽ നിന്നും വളരെയധികം വ്യതിചലിച്ച് ചെയ്ത പ്രവൃത്തിയുടെ ചെലവ് 292967 (3,00,000-7033)

രൂപ തടസ്സം ചെയ്യുന്നു. ഓഡിറ്റ് അന്വേഷണത്തിന് (14/30.10.18) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-8 നെച്ചിക്കുണ്ട് അങ്കനവാടി അറ്റകുറ്റപണി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രൊജക്റ്റ് -SO177/18

എം. ബുക്ക് - 101/17-18

കരാർ - 42/18.12.17 (0.1% Tender below)

മൂല്യനിർണ്ണയം - 248960

കരാറുകാരൻ - മുഹമ്മദ് ബഷീർ.PP

ബിൽ - 100/28.3.18

നിലവിലുള്ള കെട്ടിടത്തിന്റെ ചോർച്ച (Leak) ഒഴിവാക്കുന്നതിന് ട്രസ്സ് വർക്ക് ചെയ്ത് റൂഫിംഗ് നടത്തുക, കെട്ടിടത്തിനുള്ളിൽ ടൈൽസ് പാകുക, മുറ്റത്ത് ഇന്റർ ലോക്ക് വിരിക്കുക, സ്റ്റെയർ എന്നിവക്ക് വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പ്രവൃത്തി 30.10.18 ന് നേരിൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. 60 cm വീതിയിൽ 2.70 മീറ്റർ ഉയരത്തിൽ ഇരുവശങ്ങളിലുമായി 8 പില്ലറുകൾ സ്ഥാപിച്ച് അതിന് മുകളിലായാണ് Truss work ചെയ്തിട്ടുള്ളത്. 4 വശങ്ങളും ഓപ്പൺ ആയി കിടക്കുന്ന കെട്ടിടത്തിന്റെ മുകളിൽ മഴപെയ്താൽ വശങ്ങളിലൂടെ വെള്ളം കെട്ടിടത്തിന് മുകളിൽ വീഴാൻ സാധ്യത കൂടുതലാണ്. കെട്ടിടത്തിന് മുകളിൽ 70 cm ഉയരത്തിൽ പാരപ്പറ്റ് കെട്ടിയിട്ടുണ്ടെങ്കിലും ബാക്കി ഭാഗം മുഴുവനായി തുറന്നു കിടക്കുന്നതിനാൽ പ്രവൃത്തിയുടെ ഉദ്ദേശ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

2. പഴകിയ കെട്ടിടത്തിന്റ ഫിറ്റ്നസ് ഉറപ്പുവരുത്താതെയാണ് 30 m2 ൽ കിടക്കുന്ന ഈ കെട്ടിടത്തിന് മുകളിൽ പ്രവൃത്തി നടത്തിയിട്ടുള്ളത്.

3.കെട്ടിടത്തിന്റെ ചോർച്ച (Leak) ഒഴിവാക്കുന്നതിന് ഉയരം കുറച്ച് വീതി കൂടിയ പില്ലറുകൾക്ക് പകരം സാധാരണ പൈപ്പ് (GI Pipe) ഉപയോഗിച്ച ട്രസ്സ് വർക്ക് ചെയ്താൽ മതിയെന്നിരിക്കെ ആവശ്യമില്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തിയത് വഴി അനാവശ്യ ചെലവുണ്ടായി.

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വന്ന പാളിച്ചകളും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടലുകളും പദ്ധതിയിൽ ഉണ്ടാവാത്തതാണ് ഇത്തരം അപാകതകൾക്ക് കാരണം. ഭാവിയിൽ ഇത്തരം പദ്ധതികളിൽ കെട്ടിടത്തിന്റെ ഫിറ്റ്നസ്സ് ഉറപ്പു വരുത്തിയതിന് ശേഷം എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് (15/30.10.18) മറുപടി ലഭ്യമാക്കിയിട്ടില്ല.




## 3-9 തോഴന്നൂർ ഈസ്റ്റ് കുന്നമ്മൽ റോഡ് ടാറിംഗ് - ഗുണനിലവാരം പരിശോധനാവിധേയമാക്കണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രൊജക്റ്റ് -SO120/18

എം. ബുക്ക് - 67/17-18

കരാർ - 42/18.12.17 (Estimate rate)

മൂല്യനിർണ്ണയം - 350000

കരാറുകാരൻ - MV.ഷരീഫ്

ബിൽ - 56/18.3.18

മേൽ ടാറിംഗ് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയ ഇനങ്ങളും ചെയ്ത അളവുകളും താഴെ പറയുന്നു

| കോഡ് | ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 3.15.2 | Compacting original ground | 141.32 m3 | 53.78 /m3 | 7600 |
| 4.9 | Wet Mix Mecadam | 71.54 m3 | 3047.74 /m3 | 218035.31 |
| 5.1.1a | Prime Coat | 476.85 m2 | 32.22/ m2 | 15364.11 |
| 5.2.3a | Tack Coat | 476.85 m2 | 11.54/ m2 | 5502.85 |
| 75.5.9.2.2.pa | Chiping carpet | 476.85 m2 | 156 /m2 | 74388.60 |

| | | | | |
|---|---|---|---|---|
| 5.12.A.3.2a | Seal Coat | 476.85 m2 | 62 /m2 | 29564 |
| | | | | 350000 (Ltd) |

30.10.18 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ റോഡിന്റെ ഒരു ഭാഗം പൊളിഞ്ഞതായി കണ്ടു. പ്രസ്തുത ഭാഗത്തിന്റെ കനം അളക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് ഓഡിറ്റ് ടീമിന്റെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട അസി.എഞ്ചിനീയർ, ഓവർസിയർ എന്നിവർ അളവെടുത്തപ്പോൾ ടാറിംഗ് റോഡിന്റെ കനം 5 cm പോലുമില്ലെന്ന് ബോദ്ധ്യപ്പെട്ടു. ടാറിംഗ് പ്രവൃത്തിയിൽ 20 cm കനത്തിൽ Wet Mix Mecadam ചെയ്ത റോഡിൽ കംപ്രസ്സ് ചെയ്തതിന് ശേഷം 15 cm കനം കിട്ടുകയും മുകളിൽ Chiping carpet 2 cm കനത്തിൽ വിരിക്കുകയും ചെയ്യുന്നുണ്ട് . ഇത്തരത്തിൽ ചെയ്ത റോഡിന്റെ കനം ഒരിക്കലും 5 cm താഴെ വരുകയില്ല. മേൽ റോഡ് പ്രവൃത്തിയിൽ അളവ് പുസ്തക പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള അളവുകളിൽ Wet Mix Mecadam, Chiping carpet എന്നീ ഇനങ്ങൾ ചെയ്തിട്ടില്ല എന്ന് വ്യക്തമാണ്. അതുകൊണ്ട് തന്നെ പ്രവൃത്തിയുടെ മുഴുവൻ നീളത്തിലും ഗുണനിലവാരം സംബന്ധിച്ച വ്യക്തതയുണ്ടാവേണ്ടതുണ്ട്. Substandared ആയ ഈ പ്രവൃത്തിക്ക് പേമെന്റ് അനുവദിച്ചത് ഗുരുതരമായ വീഴ്ചയാണ്. അളവുകൾ രേഖപ്പെടുത്തിയ അസി.എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയർ എന്നിവരുടെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായിട്ടുണ്ട്. ഈ റോഡ് പ്രവൃത്തിയുടെ മുഴുവൻ നീളത്തിലും ഗുണനിലവാരം സംബന്ധിച്ച് സംശയം നില നിൽക്കുന്നതിനാൽ പ്രവൃത്തിയുടെ ഗുണനിലവാരം വിശദമായി പരിശോധനാ വിധേയമാക്കേണ്ടതും നഷ്ടം കണക്കാക്കി ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഇതിൻമേൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

ഓഡിറ്റ് അന്വേഷണത്തിന് (18/31.10.18) മറുപടി ലഭ്യമാക്കിയിട്ടില്ല.



## 3-10 PHC സാനിറ്ററി യൂണിറ്റ് - ഉപയോഗിക്കാതെ കിടക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രൊജക്റ്റ് -SO143/18

എം. ബുക്ക് - 81,82/16-17

കരാർ - 82/31.3.17 (0.5% Tender below)

മൂല്യനിർണ്ണയം - 369503

കരാറുകാരൻ - TK.ഹുസൈൻ

ബിൽ - 100/28.3.18

PHC കെട്ടിടത്തിനോടനുബന്ധിച്ച സാനിറ്ററി യൂണിറ്റിന്റെ നിർമ്മാണം 19.8.2017 പൂർത്തീകരിച്ചിട്ടുള്ളതാണ്. രണ്ട് യൂണിറ്റുകളായി കിടക്കുന്ന ഈ കെട്ടിടം 30.10.18 ന് നേരിൽ പരിശോധിച്ചതിൽ സാനിറ്ററി യൂണിറ്റ് ഇപ്പോഴും ഉപയോഗിക്കപ്പെടാതെ കിടക്കുന്നതായി കണ്ടു. PHC കോമ്പൗണ്ടിൽ മറ്റൊരു കെട്ടിട നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട സാധന സാമഗ്രികൾ ഈ കെട്ടിടത്തിൽ കൂട്ടിയിട്ടിരിക്കുന്നതിനാൽ മണ്ണ് പരന്ന് ടൈൽസ് , ചുമർ എന്നിവ വൃത്തിഹീനമായി കിടക്കുന്നു. കെട്ടിടം ഉപയോഗിക്കപ്പെടുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ ആസ്തി പരിപാലിക്കുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധ പതിയേണ്ടതുമാണ്.



## 3-11 സിമന്റ് കോൺക്രീറ്റിംഗ് - സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു-നഷ്ടം 13359 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികൾ സ്ഥല പരിശോധന നടത്തിയതിൽ IRISH Drainage ന് വേണ്ടി കോൺക്രീറ്റിംഗ് ചെയ്തതിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു (റോഡിന്റെ ഇരുവശങ്ങളിലും മതിലുകളാണ്). പ്രവൃത്തികളിൽ 1:2:4 സിമന്റ് കോൺക്രീറ്റിംഗിന് സൈഡ് ഷട്ടറിംഗിന് ഉൾപ്പെടെയുള്ള നിരക്കാണ് (DSR Code16.42) അനുവദിച്ചിട്ടുള്ളത്.

| പ്രവൃത്തി | 1:2:4 സിമന്റ് കോൺക്രീറ്റിംഗിന് അനുവദിച്ച തുക (6938.86/m3) | 1:2:4 സിമന്റ് കോൺക്രീറ്റിംഗിന് അനുവദിക്കാവുന്ന തുക-ഷട്ടറിംഗിനുള്ള നിരക്ക് ഒഴിവാക്കിയത്<br>(6768.62/m3) | അധികം |
|---|---|---|---|
| പ്രൊജക്റ്റ് -(SO056/18)<br>പൊറ്റേത്തപടി-അതിരുമട റോഡ് പുനരുദ്ധാരണം | 213786.28<br>(30.81 m3 x 6938.86/m3) | 208541.18<br>(30.81 m3 x 6768.62/m3) | 5245 |

| | | | |
|---|---|---|---|
| എം. ബുക്ക് - 60/16-17<br>കരാർ - 60/16.3.17<br>കൺവീനർ - PK.അസീസ്<br>മൂല്യനിർണ്ണയം - 219964<br>ബിൽ - 4/28.3.18 | | | |
| പ്രൊജക്റ്റ് - (SO042/18)<br>കിഴക്കേപ്പുറം ചിറ്റാണി റോഡ് പുനരുദ്ധാരണം<br>എം. ബുക്ക് - 58/16-17<br>കരാർ - 58/16.3.17<br>കൺവീനർ - അൻവർ ബാബു<br>മൂല്യനിർണ്ണയം - 3,50,000<br>ബിൽ - 6/28.3.18 | 330706<br>(47.66 m3 x 6938.86/m3) | 322592.42<br>(47.66 m3 x 6768.62/m3) | 8114 |
| ആകെ | | | 13359 |

പ്രവൃത്തികളിൽ അധികമായി അനുവദിച്ച തുക 13359 രൂപ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് (16/31.10.18) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-12 GMLPS അയിരാണി ചുറ്റുമതിൽ നിർമ്മാണം - പേമെന്റ് അനുവദിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രൊജക്റ്റ് -SO050/18

എം. ബുക്ക് - 61/16-17

കരാർ - 61/16.3.17

മൂല്യനിർണ്ണയം - 3,95,294

കൺവീനർ - സുഷ.KS

പ്രവൃത്തി 25.5.2017ന് പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഗുണനിലവാരം സംബന്ധിച്ച് ആക്ഷേപം ഉയർന്നതിനാൽ പ്രവൃത്തി പൂർത്തീകരിച്ച് 17 മാസം കഴിഞ്ഞിട്ടും പേമെന്റ് അനുവദിച്ചിട്ടില്ല. ഗുണനിലവാരമില്ലാത്ത ചെങ്കല്ലുകൾ ഉപയോഗിച്ച് ചുറ്റുമതിൽ കെട്ടി എന്നതാണ് പരാതി. പേമെന്റ് അനുവദിക്കാത്തതിനാൽ പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി ചെയർമാൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. നിലവിൽ പ്രവൃത്തി സംബന്ധിച്ച കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഇതിൽമേൽ സ്വീകരിച്ച തുടർനടപടി വിവരം റിപ്പോർട്ടിന്റെ ആദ്യ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 3-13 സ്റ്റാന്റിംഗ് കമ്മിറ്റികൾ , വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമല്ല

ജി.ഒ(എം.എസ്) നം 72/2017/ത.സ്വ.ഭ.വ തിയതി.29.3.2017 ഉത്തരവ് പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമ സഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക എന്നിവയാണ്

വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ രണ്ട് പ്രധാന ചുമതലകൾ. അവ ഫലപ്രദമായി നിർവഹിക്കണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ ക്രമീകരിക്കേണ്ടതാണ്. അതിനാൽ ഈ രണ്ട് ദൗത്യങ്ങളും നിർവഹിക്കുന്നതിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരണമെന്നുള്ളത് അനിവാര്യമാണ്. പ്രസ്തുത യോഗങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കേണ്ടതുണ്ട്. 2017-18 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും പേരിന് മാത്രം ചേരുന്നതായി കണ്ടു. ക്വാറം തികയാതെയും, തീരുമാനങ്ങൾ രേഖപ്പെടുത്താതെയും ,ക്ലോസ്സ് ചെയ്യാതെയും അപൂർണ്ണമായ രീതിയിലാണ് മിനുട്സ് ബുക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. അതുകൊണ്ട് തന്നെ പശ്ചാത്തല മേഖലയിലും സേവന മേഖലയിലും അനിവാര്യമായ പല പദ്ധതികളും ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. കൃഷിയും അനുബന്ധമേഖലയും എന്ന വർക്കിംഗ് ഗ്രൂപ്പ് മാത്രമാണ് നല്ല രീതിയിൽ പ്രവർത്തിച്ചിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി നടത്തികൊണ്ട് പോകുന്നതിനുള്ള ചുമതല അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കാണ്. ഓരോ പദ്ധതികളും നിർവഹണം നടത്തിയതിനു ശേഷം അതിന്റെ തുടർന്നുള്ള മോണിറ്ററിംഗ് നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ. കൊടുക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | അംഗങ്ങൾ | കൂടിയ തിയതി | പങ്കെടുത്ത അംഗങ്ങൾ | തീരുമാനങ്ങൾ | റിമാർക്സ് |
|---|---|---|---|---|---|
| പട്ടിക ജാതി വികസനം | 14 | 7.2.17 | രേഖപ്പെടുത്തിയിട്ടില്ല | 13 | മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല |
| | | 4.5.17 | 5 | 8 | മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല |
| | | 15.5.17 | 2 | രേഖപ്പെടുത്തിയിട്ടില്ല | മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല |
| ദാരിദ്ര്യ ലഘൂകകരണം | 15 | രേഖപ്പെടുത്തിയിട്ടില്ല | 6 | 7 | മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല |
| | | 4.5.17 | 7 | 3 | മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല |
| | | രേഖപ്പെടുത്തിയിട്ടില്ല | 4 | 6 | മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല |
| ശുചിത്വം, കുടിവെള്ളം | 15 | 7.2.17 | 12 | 10 | |
| | | 4.5.17 | 5 | രേഖപ്പെടുത്തിയിട്ടില്ല | മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല |
| | | 15.5.17 | 5 | രേഖപ്പെടുത്തിയിട്ടില്ല | മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല |
| വിദ്യാഭ്യാസം | 13 | 7.2.17 | 6 | 20 | ---- |
| | | 4.5.17 | 12 | 10 | ---- |
| | | 15.5.17 | 11 | രേഖപ്പെടുത്തിയിട്ടില്ല | മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല |
| പൊതുമരാമത്ത് | 15 | 7.2.17 | 15 | രേഖപ്പെടുത്തിയിട്ടില്ല | മിനുട്സ് ക്ലോസ്സ് |

| | | | | | |
|---|---|---|---|---|---|
| | | | | | ചെയ്തിട്ടില്ല |
| | | 4.5.17 | 10 | 4 | മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല |
| മൃഗ സംരക്ഷണവും ക്ഷീര വികസനവും | 15 | 15.5.17 | 3 | 6 | മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല |
| ആരോഗ്യം | 15 | 7.2.17 | 10 | രേഖപ്പെടുത്തിയിട്ടില്ല | മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല |
| | | രേഖപ്പെടുത്തിയിട്ടില്ല | 10 | 13 | മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല |
| | | 4.5.17 | 6 | രേഖപ്പെടുത്തിയിട്ടില്ല | മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല |
| | | 16.10.17 | 7 | രേഖപ്പെടുത്തിയിട്ടില്ല | മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല |
| ചെറുകിട വ്യവസായം | രേഖപ്പെടുത്തിയിട്ടില്ല | 7.2.17 | 7 | 3 | ------ |
| | | 4.5.17 | 7 | 5 | ----- |
| | | 15.5.17 | 3 | രേഖപ്പെടുത്തിയിട്ടില്ല | മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല |
| സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | രേഖപ്പെടുത്തിയിട്ടില്ല | 7.2.17 | 9 | 15 | ---- |
| | | 4.5.17 | 6 | 5 | ---- |
| | | 15.5.17 | 5 | 8 | മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല |
| സാമൂഹ്യ ക്ഷേമം | 15 | 7.2.17 | 9 | 12 | ---- |
| | | 4.5.17 | 8 | രേഖപ്പെടുത്തിയിട്ടില്ല | മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല |
| കണക്കുകൾ രേഖകൾ തയ്യാറാക്കൽ | 8 | 7.2.17 | 7 | 3 | ---- |
| | | 4.5.17 | 5 | 7 | ----- |
| | | 15.5.17 | 6 | രേഖപ്പെടുത്തിയിട്ടില്ല | മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല |
| കൃഷിയും അനുബന്ധ മേഖലയും | 15 | 7.2.17 | 9 | 13 | ----- |
| | | 4.5.17 | 10 | 8 | ----- |
| | | 15.5.17 | 6 | 8 | ------ |

സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും കാര്യക്ഷമമാക്കുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 അനിവാര്യമായ പദ്ധതികൾ നടപ്പിലാക്കുന്നില്ല

പശ്ചാത്തല മേഖലയിലും സേവന മേഖലയിലും അനിവാര്യമായ പല പദ്ധതികളും ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ പൊതു ജനങ്ങളുടെ പ്രധാന ആവശ്യമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നില്ല. കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ആകെ രണ്ട് പ്രൊജക്ടുകൾ മാത്രമാണ് അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. എല്ലാവർക്കും കുടിവെള്ളം എന്നതായിരിക്കണം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ഉണ്ടാവുന്നില്ല. അങ്കണവാടികൾ, കൈമാറികിട്ടിയ സ്ഥാപനങ്ങൾ എന്നിവയിലേക്ക് കുടിവെള്ളം ലഭ്യമാക്കാൻ ആവശ്യമായ പ്രൊജക്ടുകൾക്ക് മുൻഗണന നൽകേണ്ടതുണ്ട്. എന്നാൽ 28 അംഗനവാടികളിലും കുടിവെള്ള ക്ഷാമം രൂക്ഷമാണ് എന്നിരിക്കെ അംഗനവാടികളിലെ കേട്ട വന്ന കുഴൽ കിണറുകൾ നന്നാക്കുന്നതിനും പ്രദേശത്ത് ഉപയോഗയോഗ്യമല്ലാതെ കിടക്കുന്ന 14 പൊതു കിണറുകൾ ഉപയോഗപ്രദമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയിലൂടെ മഴക്കുഴി നിർമ്മാണം, തോട് പുനരുദ്ധാരണങ്ങൾ എന്നിങ്ങനെയുള്ള ജല സംരക്ഷണ പദ്ധതികൾ കൂടുതലായി നടപ്പാക്കേണ്ടതുണ്ട്. പശ്ചാത്തല മേഖലയിൽ 95%വും റോഡ് പ്രവൃത്തികൾക്കാണ് പണം ചെലവഴിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന് കൈമാറികിട്ടിയ കെട്ടിടങ്ങളിൽമേൽ പ്രവൃത്തി നടത്തുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളിൽ നിർദ്ദേശങ്ങൾ വന്നിട്ടുണ്ടെങ്കിലും പ്രൊജക്ട് ഉണ്ടാക്കി പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. ജി.ഒ(എം.എസ്) നം 72/2017/ത.സ്വ.ഭ.വ തിയതി.29.3.2017 ഉത്തരവിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതികൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 3-15 വനിതാ വ്യവസായ കേന്ദ്രം ലക്ഷ്യം കണ്ടില്ല

വ്യാവസായിക സംരഭങ്ങളുടെ വളർച്ചയിൽ വളരെ പിന്നോക്കം നില്ക്കുന്ന ഗ്രാമപഞ്ചായത്തിനെ വ്യാവസായികമായി അഭിവൃദ്ധിപ്പെടുത്തുന്നതിനോടൊപ്പം അഭ്യസ്തവിദ്യരായവരുടെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണുക, വിദേശങ്ങളിൽ ജോലി ചെയ്യുന്ന പ്രദേശവാസികൾക്ക് നിക്ഷേപത്തിന് അവസരം നല്കുക, പ്രാദേശികമായി ലഭ്യമാകുന്ന കാർഷിക ഉല്പന്നങ്ങളെ വിപണനം നടത്തുക വഴി കാർഷിക മേഖലയെ ശക്തിപ്പെടുത്തുക എന്നീ വിവിധോദ്ദേശ പ്രവർത്തനങ്ങൾക്കായി 2003-04 സാമ്പത്തികവർഷം ആവിഷ്കരിച്ചതായിരുന്നു വനിതാ വ്യവസായ എസ്റ്റേറ്റ് എന്ന പദ്ധതി.



02-12-2004-ൽ വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനായി 78830 രൂപ കെ.എസ്.ഇ.ബി-യിൽ അടച്ചു. എന്നാൽ നാളിതുവരെ വൈദ്യുതി ലഭ്യമായിട്ടില്ല. വനിതാ വ്യവസായ സംരംഭത്തിന്റെ നിലവിലെ അവസ്ഥ വിലയിരുത്തുന്നതിനായി ഓഡിറ്റ് സംഘം പദ്ധതി പ്രദേശത്ത് ഭൗതിക പരിശോധന നടത്തി. പരിസരം കാട്ടുമൂടി കിടക്കുന്ന അവസ്ഥയിലാണുള്ളത്, നിലവിൽ ജില്ലാ പഞ്ചായത്ത് പദ്ധതി തയ്യാറാക്കി ടൈൽ പതിക്കൽ, പെയിന്റിംഗ് എന്നീ പ്രവൃത്തികൾ നടന്നു വരുന്നതായി കണ്ടു. ഇത്രയധികം പണം ചെലവഴിച്ചിട്ടും കെട്ടിടം ഉപയോഗപ്രദമായില്ല എന്നതു ഭരണ സമിതിയുടെ പരാജയമായി കാണുന്നു. വ്യവസായ എസ്റ്റേറ്റ് പ്രവർത്തന ക്ഷമമാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ സത്വര നടപടി ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | പദ്ധതിയുടെ പേര്, പ്രൊജക്ട് നമ്പർ | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 118/18 നെൽകൃഷിക്ക് വിത്തും വളവും | 1,70,000 | 1,70,000 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 61/18 സാനിറ്ററി യൂനിറ്റുകൾ സ്ഥാപിക്കൽ | 3,00,000 | 3,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 47/18 ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,50,000 | 1,70,500 | 79500 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിനിയോഗം

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം, ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ, തിയതി |
|---|---|---|---|---|
| 2006-07 | 3(3) | 4,140 | ടി.പി രാധാകൃഷ്ണൻ, സെക്രട്ടറി | 117030101438/09.06.2017 |

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട്വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 33 | 2003-04 | പൊതു പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | മരംലേലം | തടസ്സം ഒഴിവാക്കാൻ ബഹു. നിയമസഭാ സമിതിയോട് ശുപാർശചെയ്തിട്ടുണ്ട് |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ്/ സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 1998-99 | 50,55,56 | ഇ.എ ഉണ്ണിച്ചൻ | LF6505/ spl.cell/sc5 /05/05.1.08 | 61,264 | 61,264 | op |
| 2 | -do- | 50,55,56 | ഇ.പി ഉണ്ണികൃഷ്ണൻ സെക്രട്ടറി | LF6605/ spl.cell/sc5 /05/05.01.08 | 61,427 | 61,427 | wp(c)6586/ 08 disposed |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 2008-09 to 2010-11 | 3-7 3-10 | സുനിൽകുമാർ, അസി.എഞ്ചിനീയർ | LF13171/ spl.cell/csc /D1/15/ 07.07.15 | 26,503 | 26,503 | |
| 4 | -do- | 3-14 | സംഗീത വി, കൃഷി ഓഫീസർ | LF13171/ spl.cell/csc /D1/15/ 07.07.15 | 5,841 | | 11403102034/ 20.10.14 പ്രകാരം അടവാക്കി |
| 5 | -do- | 3-6 | ഷെരീഫ്ഉമ്മണിച്ചൻ, സെക്രട്ടറി | LF13171/ spl.cell/csc /D1/15 /15.12.15 | | 59489 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,40,09,431 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,75,83,709 |
| വരവിനങ്ങളിലെ നഷ്ടം | -- |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 37,983 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 8,57,597 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 4,553 | ശ്രീമതി നന്ദിത.എം.ടി. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | 13,038 | ശ്രീമതി നന്ദിത.എം.ടി.അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | 7,033 | ശ്രീമതി നന്ദിത.എം.ടി. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | 13,359 | ശ്രീമതി നന്ദിത.എം.ടി. അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 37,983 | |

സി) ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1,50,461 | ഡോ.ബബിത, മെഡിക്കൽ ഓഫീസർ |
| 3-3 | 64,169 | ഡോ. ബബിത, മെഡിക്കൽ ഓഫീസർ |
| 3-7 | 2,92,967 | ശ്രീമതി നന്ദിത.എം.ടി.അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | 3,50,000 | ശ്രീമതി നന്ദിത.എം.ടി.അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 8,57,597 | |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-9

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | തുക | പേരും സ്ഥിരം മേൽവിലാസവും |
|---|---|---|
| 3-5, 3-6, 3-7, 3-11 | 37,983 | ശ്രീമതി നന്ദിത.എം.ടി.<br>ശ്രീനിലയം, തിരുന്നാവായ പി.ഒ.,<br>മലപ്പുറ-676301 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90മുതൽ1990-91വരെ | എൽ.എഫ്.എം.5/971/97, തീ. 10-10-10 | 8 |
| 1996-97 | -ടി- | 3 |
| 1998-99 | -ടി- | 9 |
| 1999-00 | -ടി- | 10 |
| 2000-01 | -ടി- | 1 |
| 2001-02 | -ടി- | 4 |
| 2005-06 | എൽഎഫ്.എം.11/783/10 , തീ. 30-10-10 | 6 |
| 2006-07 | എൽഎഫ്.എം.11/784/10 , തീ. 30-10-10 | 11 |
| 2007-08 | എൽ.എഫ്.എം.15/1407/10, തീ. 11-11-10 | 14 |
| 2007-08 | എൽ.എഫ്.എം.15/1407/10, തീ. 21-5-12 | 14 |
| 2008-09മുതൽ2010-11വരെ | എൽ.എഫ്.എം.15/196/13 തീ. 3-3-13 | 19 |
| 2011-12 മുതൽ2012-13വരെ | കെ.എസ്.എ.എം.പി.എം.15/3065/15, തീ. 02-02-16 | 12 |
| 2013-14 to 2014-15 | കെ.എസ്.എ.എം.പി.എം.15/2139/16, തീ. 09-08-16 | 30 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം15/3269/2016 തി.31-01-2017 | 15 |
| 2016-17 | കെ.എസ്.എ എം.പി.എം10/2043/17 തിയതി 01.11.2017 | 09 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## **അനുബന്ധം-1**

## ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം.10/1330/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
പിന്‍- 676 505 ഫോണ്‍: 0483-2734951
ഇ-മെയില്‍:dompm.ksad@kerala.gov.in
തീയ്യതി 03-08-2018

1994 ലെ കേരള ലോക്കല്‍ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളര്‍ ആന്റ് ഓഡിറ്റര്‍ ജനറല്‍ നിര്‍ദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്‍ഡേര്‍ഡുകള്‍ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പര്‍ സര്‍ക്കാര്‍ ഉത്തരവിലെ നിബന്ധനകള്‍ പ്രകാരവും മലപ്പുറം ജില്ലയിലെ കല്‍പ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വര്‍ഷത്തെ വാര്‍ഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാന്‍ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തില്‍ അന്യത്ര ചേര്‍ത്ത അപാകതകള്‍ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വര്‍ഷത്തെ വാര്‍ഷിക കണക്കുകള്‍ ശരിയായ വിധത്തില്‍ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകള്‍ യഥാവിധ കണക്കിലുള്‍പ്പെടുത്തിയിട്ടുണ്ട്. ചെലവുകള്‍ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടര്‍
ജില്ല ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ പരിപാലിച്ചിട്ടില്ല.
2. 2011- ലെ കേരള പഞ്ചായത്ത് രാജ് എക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം-65 (എ),(ഇ) എന്നിവ പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചിട്ടുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കുകളോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.
3. 2016-17-ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ പൂർണമായും പരിഹരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം